09
2025
ജനുവരി
വ്യാഴം
ധനു 25

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www.nauticaltimesmedia.com | Volume-6, Issue No.47 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-47 | പേജ് 4. വില 2.00 രൂപ




02 സംസ്ഥാനം ഇക്കൊല്ലം അതിദാരിദ്ര്യ മുക്തമാകും : മുഖ്യമന്ത്രി

03 നടപടി ഉണ്ടാവുമെന്ന് മുഖ്യമന്ത്രി ഉറപ്പു നല്കിയിരുന്നു; ഹണി റോസ്

04 പെരിയ ഇരട്ടക്കൊലക്കേസ്: നാല് പ്രതികളുടെ ശിക്ഷ സ്റ്റേ ചെയ്തു



# കലോത്സവം കൊടിയിറങ്ങി; സ്വർണക്കപ്പുയർത്തി തൃശൂർ

തിരുവനന്തപുരം: സംസ്ഥാന സ്കൂൾ കലോത്സവത്തിന് കൊടിയിറങ്ങി. തൃശൂർ ജില്ലയാണ് 63ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ സ്വർണ കപ്പ് ഉയർത്തിയത്.

പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ചലച്ചിത്ര താരങ്ങളായ ടോവിനോ തോമസ്, ആസിഫലി എന്നിവർ മുഖ്യാതിഥികളായി. മന്ത്രി ജി. ആർ. അനിൽ അധ്യക്ഷനായി.

സമാപന സമ്മേളനത്തിൽ 62ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെയും 2024 സംസ്ഥാന സ്കൂൾ കായിക മേളയുടെയും മാധ്യമ പുരസ്കാര വിതരണവും മന്ത്രി വി. ശിവൻകുട്ടി നിർവഹിച്ചു. സ്പീക്കർ എ.എൻ. ഷംസീർ മുഖ്യപ്രഭാഷണം നടത്തി. എംപിമാരുംഎംഎൽഎമാരും ഉന്നത ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.

63ാമത് സംസ്ഥാന സ്കൂൾ കലോത്സവ കിരീടം തൃശൂരാണ് സ്വന്തമാക്കിയത്. 1008 പോയിൻറുമായാണ് തൃശൂർ സ്വർണക്കപ്പ് സ്വന്തമാക്കിയത്. പാലക്കാടിനാണ് രണ്ടാം സ്ഥാനം. കണ്ണൂർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

സ്കൂളുകളിൽ ആലത്തൂർ ഗുരുകുലം എച്ച്എസ്എസ് പന്ത്രണ്ടാം തവണയും ചാമ്പ്യൻമാരായി. നാലുദിവസമായി മുന്നിട്ടു നിന്ന കണ്ണൂരിനെ മലർത്തിയടിച്ചാണ് തൃശൂർ കപ്പുയർത്തുന്നത്. കാൽ നൂറ്റാണ്ടിനുശേഷമാണ് കലാകിരീടം തൃശൂരിന്റെ മണ്ണിലേക്ക് എത്തുന്നത്. 1999ലെ കൊല്ലം കലോത്സവത്തിലാണ് തൃശൂർ അവസാനമായി കപ്പ് നേടിയത്.

## പോരാട്ട വഴി ഉപേക്ഷിക്കാൻ മാവോയിസ്റ്റുകൾ; മലയാളിയടക്കം ആറ് പേർ ഇന്ന് കീഴടങ്ങും

ബംഗളൂരു: കേരളം, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിൽനിന്നുള്ള പ്രധാനപ്പെട്ട മാവോയിസ്റ്റ് നേതാക്കൾ ഇന്ന് കീഴടങ്ങും. ഉച്ചയ്ക്ക് 12ന് ചിക്കമംഗളൂരു കളക്ടർക്ക് മുന്നിലാണ് ഇവർ എത്തുക.

വയനാട് സ്വദേശിയായ മാവോയിസ്റ്റ് ജിഷ(രജനി)അടക്കം ആറ് പേരാണ് കീഴടങ്ങുക. ഇവർ കീഴടങ്ങുന്നതോടെ കർണാടകയിൽ ഒളിവിലുള്ള പ്രധാനപ്പെട്ട നേതാക്കളെല്ലാം പോലീസിന് മുന്നിലെത്തും.

സിറ്റിസൺ ഇൻഷ്യേറ്റീവ് ഫോർ പീസ് എന്ന സംഘടനയുടെ മധ്യസ്ഥതയിലാണ് കർണാടക സർക്കാരുമായി ഇവർ ചർച്ച നടത്തിയത്. സായുധവിപ്ലവം വിട്ട് മുഖ്യധാരയിലേക്ക് എത്താൻ ആഗ്രഹിക്കുന്നുവെന്ന് ജിഷ പറയുന്ന വീഡിയോ പുറത്തുവന്നിട്ടുണ്ട്.

# ഹണി റോസിനെ അതിക്ഷേപിച്ച കേസ്; ബോബി ചെമ്മണ്ണൂർ അറസ്റ്റിൽ

കൊച്ചി: നടി ഹണി റോസിനെതിരേ അതിക്ഷേപ പരാമർശം നടത്തിയ കേസിൽ വ്യവസായി ബോബി ചെമ്മണ്ണൂർ അറസ്റ്റിൽ. കൊച്ചി സെൻട്രൽ പോലീസ് ആണ് ബോബിയുടെ അറസ്റ്റ് രേഘപ്പെടുത്തിയത്.

ഇന്ന് ബോബി ചെമ്മണ്ണൂരിനെ കോടതിയിൽ ഹാജരാക്കിയേക്കില്ലെന്നാണ് വിവരം. ജാമ്യമില്ലാ വകുപ്പ് പ്രകാരമുള്ള കുറ്റമാണ് ബോബിക്കെതിരേ ചുമത്തിയിരിക്കുന്നത്.

നടിയുടെ പരാതിയെ തുടർന്ന് വയനാട്ടിലെ റിസോർട്ടിൽ വച്ചാണ് ബോബി ചെമ്മണ്ണൂരിനെ കസ്റ്റഡിയിലെടുത്തത്. തുടർന്ന് എറണാകുളം സെൻട്രൽ സ്റ്റേഷനിലെത്തിച്ചിരുന്നു.

ചൊവ്വാഴ്ച എറണാകുളം സെൻട്രൽ സ്റ്റേഷനിൽ നേരിട്ടെത്തിയാണ് ഹണി റോസ് പരാതി നൽകിയത്.



ലൈംഗികച്ചുവയോടെയുള്ള അശ്ലീല ഭാഷണത്തിനെതിരെ ഭാരതീയ ന്യായ സംഹിതയിലെ 75(4) വകുപ്പു പ്രകാരവും ഇലക്ട്രോണിക് മാധ്യമത്തിലൂടെ അശ്ലീല പരാമർശം നടത്തുന്നതിനെതിരെ ഐടി ആക്ടിലെ 67 വകുപ്പ് പ്രകാരവുമാണു കേസ് റജിസ്റ്റർ ചെയ്തത്.

അറസ്റ്റ് രേഖപ്പെടുത്തിയ ബോബി ചെമ്മണ്ണൂരിനെ ഇന്ന് വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കും.

നടി ഹണി റോസിനെതിരേ അതിക്ഷേപ പരാമർശം നടത്തിയ കേസിൽ വ്യവസായി ബോബി ചെമ്മണ്ണൂർ അറസ്റ്റിലായിരുന്നു. കൊച്ചി സെൻട്രൽ പോലീസ് ആണ് ബോബിയുടെ അറസ്റ്റ് രേഘപ്പെടുത്തിയത്.

ചൊവ്വാഴ്ച എറണാകുളം സെൻട്രൽ സ്റ്റേഷനിൽ നേരിട്ടെത്തിയാണ് ഹണി റോസ് പരാതി നൽകിയത്. ലൈംഗികച്ചുവയോടെയുള്ള അശ്ലീല ഭാഷണത്തിനെതിരെ ഭാരതീയ ന്യായ സംഹിതയിലെ 75(4) വകുപ്പു പ്രകാരവും ഇലക്ട്രോണിക് മാധ്യമത്തിലൂടെ അശ്ലീല പരാമർശം നടത്തുന്നതിനെതിരെ ഐടി ആക്ടിലെ 67 വകുപ്പ് പ്രകാരവുമാണു കേസ് റജിസ്റ്റർ ചെയ്തത്.

# എൻ. എം. വിജയന്റെ മൊബൈൽ ഫോൺ ഫോറൻസിക് പരിശോധനയ്ക്ക് വിധേയമാക്കും

തിരുവനന്തപുരം: ജീവനൊടുക്കിയ വയനാട് ഡിസിസി ട്രഷറർ എൻ. എം. വിജയന്റെ മൊബൈൽ ഫോൺ ഫോറൻസിക് പരിശോധനയ്ക്ക് വിധേയമാക്കും.

എന്തെങ്കിലും രേഖകൾ മൊബൈൽ ഫോണിൽ സൂക്ഷിച്ചിരുന്നോ എന്നത് അടക്കമുള്ള കാര്യങ്ങൾ പരിശോധിക്കും. കൈയക്ഷരം പരിശോധിക്കാൻ ഉള്ള നടപടികൾ പുരോഗമിക്കുകയാണ്. കൈയക്ഷരം വിജയൻറേത് തന്നെയാണോ എന്നറിയാൻ ഔദ്യോഗിക രേഖകൾ പരിശോധിക്കും. അതിനായി ബാങ്കുകളെ ഉൾപ്പെടെ പോലീസ് സമീപിച്ചിട്ടുണ്ട്. ഈ രേഖകൾ ഫോറൻസിക് പരിശോധന നടത്തുന്നതിനായി കോടതിയിൽ അപേക്ഷകൾ നൽകും. എൻ. എം. വിജയന് സാമ്പത്തിക പ്രശ്നങ്ങൾ ഉണ്ടായിരുന്നുവെന്നാണ് മൂത്ത മകൻ വിജിലൻസിന് മൊഴി നൽകിയിരിക്കുന്നത്. കുടുംബ പ്രശ്നങ്ങളല്ല, സാമ്പത്തിക പ്രശ്നങ്ങൾ തന്നെയായിരുന്നു മരണത്തിന് കാരണമെന്നും അച്ഛന്റെ സാമ്പത്തിക ഇടപാടുകളെക്കുറിച്ച് നേരിട്ടറിയില്ലെന്നും മകൻ വിജിലൻസിനോട് പറഞ്ഞു. കോൺഗ്രസ് നേതൃത്വത്തിനെതിരെ രൂക്ഷ വിമർശനം ഉന്നയിച്ചതിന് പിന്നാലെയാണ് മകൻ വിജിലൻസിന് മൊഴി നൽകിയത്.

## മന്ത്രി വീണാ ജോർജ് ഉമ തോമസിനെ സന്ദർശിച്ചു

കൊച്ചി: കലൂർ സ്റ്റേഡിയത്തിന്റെ ഗ്യാലറിയിൽ നിന്ന് വീണ് പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന ഉമ തോമസ് എംഎൽഎയെ മന്ത്രി വീണാ ജോർജ് സന്ദർശിച്ചു. എംഎൽഎയുടെ ആരോഗ്യസ്ഥിതിയിൽ പുരോഗതിയുണ്ടെന്ന് മന്ത്രി അറിയിച്ചു.

മന്ത്രി ഉമ തോമസിന്റെ മകൻ വിഷ്ണുവുമായി സംസാരിച്ചു. എംഎൽഎയുടെ ആരോഗ്യസ്ഥിതി പ്രതീക്ഷിച്ചതിലും വേഗം മെച്ചപ്പെട്ട് വരുന്നതായി ഡോക്ടർമാർ അറിയിച്ചു. വേഗത്തിൽ തന്നെ ആരോഗ്യം വീണ്ടെടുക്കുമെന്ന പ്രതീക്ഷയാണുള്ളത്.

ഉമ തോമസ് മറ്റുള്ളവരുടെ സഹായത്തോടെ കസേരയിൽ ഇരുന്നതായും ഡോക്ടർമാർ അറിയിച്ചു.

## ഹണി റോസിനെ പിന്തുണച്ച് ഡബ്ല്യുസിസി

തിരുവനന്തപുരം: നടി ഹണി റോസിനെ പിന്തുണച്ച് വിമൻ ഇൻ സിനിമ കളക്ടീവ്(ഡബ്ല്യുസിസി). ഹണി റോസിന്റെ ഫേസ്ബുക്ക് പോസ്റ്റ് പങ്കുവെച്ച് അവൾക്കൊപ്പമെന്ന് കുറിച്ചാണ് ഡബ്ല്യുസിസി പിന്തുണ അറിയിച്ചിരിക്കുന്നത്. മുൻപ് താരസംഘടനയായ അമ്മയും ഹണി റോസിന് പിന്തുണ നൽകുമെന്ന് അറിയിച്ചിരുന്നു. ഹണി റോസ് നൽകിയ പരാതിയിൽ വ്യവസായി ബോബി ചെമ്മണ്ണൂരിനെതിരെ പോലീസ് കേസെടുത്തു. സ്ത്രീത്വത്തെ അപമാനിച്ചതിന് എറണാകുളം സെൻട്രൽ പോലീസാണ് കേസെടുത്തത്. ഓഗസ്റ്റ് ഏഴിന് ബോബി ചെമ്മണ്ണൂരിന്റെ കണ്ണൂർ ആലക്കോട്ടെ ജ്വല്ലറി ഉദ്ഘാടനത്തിന് എത്തിയപ്പോൾ ലൈംഗികാതിക്രമം നേരിട്ടെന്നും നടിയുടെ പരാതിയിൽ പറയുന്നു.

## തിരുപ്പതി ക്ഷേത്രത്തിൽ തിരക്കിൽപ്പെട്ട് 6 പേർ മരിച്ചു

ഹൈദരാബാദ് : തിരുപ്പതി ക്ഷേത്രത്തിൽ തിക്കിലും തിരക്കിലുംപ്പെട്ട് 6 മരണം. വൈകുണ്ഠ ഏകാദശി ദർശന കൂപ്പൺ വിതരണത്തിനിടെയാണ് അപകടം. കൂപ്പൺ വിതരണ കൗണ്ടറിലേക്ക് ആളുകൾ തള്ളിക്കയറുകയായിരുന്നു.

ഒട്ടേറെ പേർക്ക് പരുക്കേറ്റു. സ്ഥിതി ഇപ്പോഴും നിയന്ത്രണ വിധേയമല്ലെന്നാണ് വിവരം. പരുക്കേറ്റവരെ ക്ഷേത്രത്തിനു സമീപത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ദക്ഷിണേന്ത്യയിലെ എറ്റവും വലിയ തീർഥാടന കേന്ദ്രങ്ങളിലൊന്നാണ് തിരുപ്പതി.

## ശബരിമലയിൽ ഇതുവരെ എത്തിയത് 40,90000 അയ്യപ്പഭക്തർ

പമ്പ: ഈ വർഷത്തെ മണ്ഡല മകരവിളക്ക് സീസണിൽ ഇതുവരെ ഏകദേശം 40,90000 അയ്യപ്പഭക്തർ ശബരിമല ദർശനം നടത്തിയതായി ശബരിമല എഡിഎം അരുൺ എസ്. നായർ അറിയിച്ചു. പ്രതിദിനം 90000ന് മുകളിൽ അയ്യപ്പഭക്തർ എത്തിയിട്ടുണ്ട്. അതിൽ പല ദിവസങ്ങളിലെയും കണക്ക് ഒരു ലക്ഷത്തിന് മുകളിലാണ്. മകരവിളക്ക് മഹോത്സവത്തിന് ആറ് ദിവസം മാത്രമാണ് ഇനിയുള്ളത്. കഴിഞ്ഞ ദിവസങ്ങളിൽ വലിയ ഭക്തജനത്തിരക്കുണ്ടായി. കൂടുതൽ ഭക്തർ എത്തിയാലും അവർക്ക് സുഗമമായ ദർശനം ഒരുക്കുന്നതിനുള്ള സാഹചര്യമാണ് ശബരിമലയിൽ സജ്ജമാക്കിയിട്ടുള്ളതെന്നും എഡിഎം പറഞ്ഞു.

## ഷേഖ് ഹസീനയുടെ വീസാ കാലാവധി ഇന്ത്യ നീട്ടി നൽകി

ന്യൂഡൽഹി: ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷേഖ് ഹസീനയുടെ വീസാ കാലാവധി ഇന്ത്യ നീട്ടി നൽകി. ഹസീനയെ ബംഗ്ലാദേശിലേക്ക് തിരിച്ചയക്കാൻ ആവശ്യമുയരുന്നതിനിടെയാണ് ഇന്ത്യ വീസ കാലാവധി നീട്ടി നൽകിയത്.

വിദ്യാർഥി പ്രക്ഷോഭത്തിന് പിന്നാലെ കഴിഞ്ഞ ഓഗസ്റ്റ് അഞ്ചിനാണ് ഹസീന ഇന്ത്യയിലേക്ക് പലായനംചെയ്തത്. പിന്നീട് ഇവർ ഡൽഹിയിൽ തന്നെ തുടരുകയാണ്. ഇതിനിടെ ഹസീനയെ തിരിച്ചയക്കണമെന്ന് ആവശ്യപ്പെട്ട് ബംഗ്ലാദേശ് വിദേശകാര്യ മന്ത്രാലയം ഇന്ത്യയോട് നയതന്ത്രതലത്തിൽ ആവശ്യപ്പെട്ടിരുന്നു. മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിലുള്ള ഇടക്കാല സർക്കാർ ആണ് നിലവിൽ ബംഗ്ലാദേശിൽ അധികാരത്തിലുള്ളത്. ഹസീനയടക്കം 96 പേരുടെ പാസ്പോർട്ട് പുനസ്ഥാപിച്ചതായി ബംഗ്ലാദേശ് അറിയിച്ചിരുന്നു.



# സംസ്ഥാനം ഇക്കൊല്ലം അതിദാരിദ്ര്യ മുക്തമാകും : മുഖ്യമന്ത്രി

സംസ്ഥാനം ഇക്കൊല്ലം അതിദാരിദ്ര്യ മുക്തമാകുമെന്നും അതിനുള്ള പ്രവർത്തനങ്ങളും പദ്ധതികളും എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടപ്പിലാക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തൈക്കാട് അതിഥി മന്ദിരത്തിൽ രണ്ട് ദിവസമായി ചേരുന്ന ജില്ലാ കളക്ടർമാരുടെയും വകുപ്പ് മേധാവികളുടെയും വാർഷിക സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.



തിരുവനന്തപുരം തൈക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ നടന്ന കളക്ടേഴ്സ് കോൺഫറൻസിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസാരിക്കുന്നു

നവംബർ മാസത്തോടെ കേരളം അതിദരിദ്ര്യ കുടുംബങ്ങൾ ഇല്ലാത്ത സംസ്ഥാനമാകും. ഇതിനായി സമഗ്രവും, ശാസ്ത്രീയവും പ്രായോഗികവുമായ പരിപാടികൾ നടപ്പാക്കി വരികയാണ്. അത് ഊർജിതമാക്കണം. ഓരോ പഞ്ചായത്തിനും ബ്ലോക്കിനും മണ്ഡലങ്ങൾക്കും അതിദരിദ്രരില്ലാത്ത കുടുംബങ്ങളെ പ്രഖ്യാപിക്കാവുന്നതാണ്.

വീട് നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് മനസോടിത്തിരി മണ്ണ് പദ്ധതി വിവിധ ജില്ലകളിൽ കാര്യക്ഷമമാക്കണം. സർക്കാരിന്റെ വിവിധ ക്യാമ്പയിനുകൾ മികച്ച രീതിയിൽ നടക്കുന്നുണ്ട്. ഇവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ജില്ലകളിൽ കൃത്യമായ സംവിധാനമുണ്ടാകണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിൽ സംസ്ഥാനം നല്ല പുരോഗതി നേടിയിട്ടുണ്ട്. ഇത് പൂർണ്ണതയിലെത്തിക്കാൻ ജില്ലാ കളക്ടർമാർ നേതൃപരമായ പങ്ക് വഹിക്കണം. ജനുവരിയിൽ തുടങ്ങിയ വലിച്ചെറിയൽ വിരുദ്ധ ക്യാമ്പയിനിന് ജനപങ്കാളിത്തം ഉറപ്പാക്കണം.

സംസ്ഥാനത്ത് ഹരിത അയൽക്കൂട്ടം 55 ശതമാനവും ഹരിത വിദ്യാലയം 51 ശതമാനവുമായി കൂടിയിട്ടുണ്ട്. ഹരിത ഓഫീസുകൾ, ഹരിത ടൗണുകൾ തുടങ്ങിയ ആശയങ്ങൾ പ്രവർത്തികമാക്കി ജില്ലകളെ പ്രകൃതി സൗഹൃദമാക്കണം. മാലിന്യമുക്ത പരിപാടികളിൽ സ്കൂളുകളെ കൂടുതലായി ഉൾപ്പെടുത്തി ബോധവൽക്കരണം നടപ്പിലാക്കണം.

വികേന്ദ്രീകൃത എസ് ടി പികൾ എല്ലാ സ്ഥലത്തും വരണം. ആദ്യം അതിന്റെ ബോധവൽക്കരണം നടത്തണം. ബ്ലോക്ക് തലത്തിലെങ്കിലും ഒരു കേന്ദ്രം കണ്ടെത്തണം. പ്രാദേശികമായി പറ്റാവുന്നത്ര ഇത് പ്രാവർത്തികമാക്കണമെന്നും എല്ലാ ജില്ലകളിലും അത്തരം സ്ഥലങ്ങൾ കലക്ടർമാർ കണ്ടെത്തേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

ലഹരി വിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണവും വ്യാപകമാക്കണം. ലഹരിയുടെ ആപത്തുകൾ കൂടിവരുന്നുണ്ട്. ചില കുടുംബങ്ങളിൽ അനുഭവിക്കുന്ന പ്രയാസം വളരെ വലുതാണ്. അവർ അത് പുറത്ത് പറയുന്നില്ലെന്ന് മാത്രം. എക്സൈസ്, പോലിസ് തുടങ്ങിയ വകുപ്പുകൾ ലഹരിക്കെതിരെ പ്രവർത്തനസജ്ജരാണ്. എന്നാലും ലഹരി മാഫിയകൾക്കെതിരെ വിവിധ തലത്തിൽ വിദ്യാർത്ഥികളെ ഉപയോഗിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

സാന്ത്വന പരിചരണ രംഗത്ത് നല്ല ശ്രദ്ധ പുലർത്തണം. അവശതയുള്ളവർക്കായി ജില്ലകളിൽ പ്രത്യേക പദ്ധതികളും സന്നദ്ധ സേവകരുടെ പ്രവർത്തനങ്ങളും കൂടുതൽ ഉറപ്പാക്കണം. വിവിധ സന്നദ്ധ സംഘടനകൾക്ക് തദ്ദേശസ്വയംഭരണ തലത്തിൽ രജിസ്ട്രേഷൻ നടപ്പിലാക്കി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കണം.

സംസ്ഥാനത്ത് ക്രമസമാധാന നില ഭദ്രമാണ്. എന്നാൽ ശാന്തമായ നില തകർക്കാൻ ശ്രമിക്കുന്ന ചില ശക്തികൾ ഉണ്ട്. വർഗീയ പ്രശ്നങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു മുന്നോട്ട് പോകും. വർഗീയ അസ്വാസ്ഥ്യങ്ങൾ ഇല്ലാത്ത നാടാണ് നമ്മുടേത് എന്ന് നമുക്ക് പേരുണ്ട്. അത് വർഗീയ സംഘടനകൾ ഇല്ലാത്തതുകൊണ്ടല്ല. മറ്റിടങ്ങളിൽ കിട്ടുന്ന പരിലാളന അവർക്ക് ഇവിടെ കിട്ടാത്തതുകൊണ്ടാണ്. തുടർന്നും അത് കിട്ടില്ലെന്ന് ഉറപ്പു വരുത്തണം. ജില്ലാ പോലീസ് സൂപ്രണ്ടും കലക്ടറും ഉൾപ്പെട്ട സമിതി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് ക്രമസമാധാനനില വിലയിരുത്തി നടപടി എടുക്കണം.

സുതാര്യതയ്ക്ക് വലിയ പ്രാധാന്യം സർക്കാർ നൽകുന്നുണ്ടെന്നും അഴിമതി തടയാൻ ശക്തമായ നടപടി കൈക്കൊള്ളണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു.

മന്ത്രിമാരായ കെ രാജൻ, കെ എൻ ബാലഗോപാൽ, റോഷി അഗസ്റ്റിൻ, കെ കൃഷ്ണൻ കുട്ടി, എ കെ ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി, ജി ആർ അനിൽ, ഒ ആർ കേളു, വീണ ജോർജ്, ഡോ. ആർ ബിന്ദു, എം ബി രാജേഷ്, ജെ ചിഞ്ചു റാണി, പി. പ്രസാദ്, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ്, ജില്ലാ കളക്ടർമാർ, വകുപ്പ് സെക്രട്ടറിമാർ, മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

## അനന്യം പദ്ധതി: പരിശീലന ക്യാമ്പ് ഉദ്ഘാടനം നാളെ

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സാമൂഹികമായും, സാമ്പത്തികമായും മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഒരു കലാ ടീം രൂപീകരിക്കുന്നതിനായി അനന്യം എന്ന പേരിൽ ഒരു പദ്ധതി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കലാഭിരുചിയുള്ള മേഖല തിരിച്ചറിഞ്ഞ് ആവശ്യമായ പരിശീലനം നൽകി സർക്കാർ/ പ്രാദേശിക സർക്കാർ നടത്തുന്ന വിവിധ കലാപരിപാടികളിൽ കലാപ്രകടനത്തിന് അവസരം ഒരുക്കുക എന്നതാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. സംഗീതം, അഭിനയം, നാടോടി കലകൾ, വിവിധ നൃത്തരൂപങ്ങൾ എന്നിവയിൽ പ്രാവീണ്യവും വൈദഗ്ധ്യവുമുള്ള 30 ട്രാൻസ്ജെൻഡർ വ്യക്തികളെയാണ് പ്രസ്തുത കലാടീമിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. അനന്യം പദ്ധതി പ്രകാരം രൂപീകരിച്ച കലാ ടീമിന്റെ പരിശീലന ക്യാമ്പിന്റെ ഔദ്യോഗിക ഉദ്ഘാടനം ജനുവരി 9ന് വൈകിട്ട് 5 മണിക്ക് ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ആർ. ബിന്ദു വട്ടിയൂർക്കാവ് ഗുരു ഗോപിനാഥ് നടനഗ്രാമത്തിൽ വച്ച് നർവഹിക്കും.

## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രൊഡക്ഷൻ ഓഫീറുടെ ഒഴിവ്

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രൊഡക്ഷൻ ഓഫീസർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ (ഒരു ഒഴിവ്) നിയമനത്തിനായി അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 20 വൈകുന്നേരം 5 വരെ നീട്ടി. യോഗ്യതകൾ: അച്ചടിയിൽ ഡിപ്ലോമ, മൂന്ന് വർഷത്തിൽ കുറയാതെ ഏതെങ്കിലും പ്രശസ്തമായ അച്ചടിശാലയിലെ പുസ്തക നിർമ്മാണ വകുപ്പിൽ ജോലി ചെയ്തുള്ള പരിചയം. അഭിലഷണീയം: ഒരു അംഗീകൃത സർവ്വകലാശാലയിൽനിന്നുള്ള ശാസ്ത്ര/ മാനവിക വിഷയത്തിലെ ബിരുദം, മലയാള ഭാഷയിലെ പ്രാവീണ്യം. കൂടുതൽ വിവരങ്ങൾക്ക്: www.ksicl.org, ഫോൺ: 0471 2333790, 8547971483. മേൽവിലാസം: ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്കൃത കോളേജ് കാമ്പസ്, പാളയം, തിരുവനന്തപുരം-695034.

## വാക്ക് ഇൻ ഇന്റർവ്യൂ

തിരുവനന്തപുരം മെഡിക്കൽ കോളേജ് ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ ഗ്രാജുവേറ്റ് അപ്രന്റിസ് ട്രെയിനി (ലൈബ്രറി) യുടെ ഒരു ഒഴിവിലേക്ക് ജനുവരി 16ന് രാവിലെ 11 ന് സി.ഡി.സിയിൽ വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നതാണ്. അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസിൽ നേടിയ ബിരുദമാണ് കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത.

താത്പര്യമുള്ള ഉദ്യോഗാർഥികൾ അവരുടെ വിശദമായ ബയോഡേറ്റയും സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പും ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ജനുവരി 16ന് രാവിലെ 10.30ന് സി.ഡി.സി.യിൽ എത്തിച്ചേരേണ്ടതാണ്. പ്രതിമാസം 7500 രൂപ സ്റ്റൈപ്പന്റായി ലഭിക്കും. നിയമനം ഒരു വർഷത്തെ കാലയളവിലേക്കാണ്.

## ശ്രീചിത്ര തിരുനാൾ എൻജിനിയറിങ് കോളേജ് സംഘടിപ്പിച്ച സ്പാർക് എക്സ് വിജയകരം: ഒരേ ദിവസം മൂന്നു സ്റ്റാർട്ടപ്പുകൾ ആരംഭിച്ചു

ശ്രീചിത്ര തിരുനാൾ കോളേജ് ഓഫ് എൻജിനിയറിങ്ങിന്റെ ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷപ്പ് ഡെവലപ്മെന്റ് സെൽ സ്പാർക്ക് എക്സ് പരിപാടി വിപുലമായി സംഘടിപ്പിച്ചു. പരിപാടിയുടെ ഭാഗമായി മൂന്ന് സ്റ്റാർട്ടപ്പുകൾ വിജയകരമായി ആരംഭിച്ചു. എക്സോബോണിക്, ബ്രൂബിസ്, സാപ്പിയന്റ് എന്നിവയാണ് സ്റ്റാർട്ടപ്പുകൾ.എക്സോബോണിക് പാരാലിസിസ് ബാധിതർക്കായി വിപ്ലകരമായ സാങ്കേതിക വിദ്യ വികസിപ്പിച്ചു. പരാശ്രയം കൂടാതെ വിവിധ പ്രവർത്തികൾ ചെയ്യാൻ ഇത് അവരെ പ്രാപ്തരാക്കും. ജീവകബാക്ടീരിയകൾ ഉൾപ്പെടുത്തി പ്രൊബയോട്ടിക് പാനീയങ്ങൾ വിപണിയിലെത്തിക്കുകയെന്നതാണ് ബ്രൂബിസ് എന്ന സ്റ്റാർട്ടപ്പ് ലക്ഷ്യമിടുന്നത്. സാപ്പിയന്റ് എന്ന സ്റ്റാർട്ടപ്പ് സാങ്കേതിക രംഗത്ത് വിപ്ലകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ ലക്ഷ്യമിട്ട് എഐ പിന്തുണയോടെയുള്ള ഒരു പുതിയ ഓപ്പറേറ്റിംഗ് സിസ്റ്റം അവതരിപ്പിച്ചു.

കോളേജ് പ്രിൻസിപ്പൽ ഡോ. സി. സതീഷ്കുമാർ, ബയോടെക്നോളജി ആൻഡ് ബയോ കെമിക്കൽ എൻജിനിയങ് വിഭാഗം മേധാവി ഡോ. കെ. ബി രാധാകൃഷ്ണൻ ഐഇഡിസി നോഡൽ ഓഫീസർ ഡോ. ശ്രീജിത് ബി. ജെ, കേരള സ്റ്റാർട്ടപ്പ്മിഷൻ പ്രോജക്ട് അസിസ്റ്റന്റ് ആദർഷ് വി എന്നിവർ ചേർന്ന് പരിപാടി ഉദ്ഘാടനം ചെയ്തു. അമൃത അനിൽ, പ്രഫുൾ ജോർജ് എന്നിവർ വിദ്യാർഥി പ്രതിനിധികളായി പ്രവർത്തിച്ചു.

## കമ്പ്യൂട്ടർ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

ധനുവച്ചപുരം കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (1 വർഷം), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (6 മാസം), ഡിപ്ലോമ ഇൻ ഡാറ്റ എൻട്രി ടെക്നിക്സ് ആൻഡ് ഓഫീസ് ഓട്ടോമേഷൻ (1 വർഷം), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി സയൻസ് (6 മാസം) എന്നീ കോഴ്സുകളിലേക്ക് (പാർട്ട് ടൈം/ഫുൾ ടൈം) അപേക്ഷ ക്ഷണിച്ചു. ഡിഗ്രി, പ്ലസ് ടു, എസ്.എസ്.എൽ.സി എന്നിവയാണ് യഥാക്രമം യോഗ്യതകൾ. കേരള പി.എസ്.സി യുടെ അംഗീകാരമുള്ള കോഴ്സുകളാണിവ. എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗക്കാർക്ക് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള പ്രകാരം ഫീസിൽ സൗജന്യം ലഭിക്കും. പ്രവേശനം ആഗ്രഹിക്കുന്നവർ കോളേജ് ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0471 2234374.

## ബി.ഫാം (ലാറ്ററൽ എൻട്രി) പ്രവേശന പരീക്ഷ: ഉത്തരസൂചിക പ്രസിദ്ധീകരിച്ചു

ജനുവരി 05 ന് നടന്ന ബി.ഫാം (ലാറ്ററൽ എൻട്രി) പ്രവേശനത്തിന് വേണ്ടി നടത്തിയ കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയുടെ ഉത്തര സൂചികയും, വിദ്യാർഥികൾ പ്രവേശന പരീക്ഷയിൽ രേഖപ്പെടുത്തിയ ഉത്തരങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സെറ്റിൽ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾക്ക് ംംം.രലല.സലൃമഹമ.ഴീ.ശി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്മ്യൂണിറ്റിതല അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഓഡിറ്റിംഗ് ആരംഭിച്ചു

കേരള സർക്കാരിന്റെ മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റും തദ്ദേശ സ്വയംഭരണ വകുപ്പും ശുചിത്വ മിഷനും സംയുക്തമായി സംസ്ഥാന വ്യാപകമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്മ്യൂണിറ്റി തല അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഓഡിറ്റിംഗ് ആരംഭിച്ചു. പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിന്റെ കീഴിൽ സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലുമായി പ്രവർത്തിക്കുന്ന ഭൂമിത്രസേന ക്ലബ്ബുകൾ മുഖേനയാണ് ഓഡിറ്റിംഗ് നടത്തുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 108 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ഓഡിറ്റിംഗ് നടത്തുന്നത്. തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റികളുടെ (എംസിഎഫ്) അടിസ്ഥാന സൗകര്യങ്ങൾ, പൊതുവായ ശുചിത്വം, അഗ്നി സുരക്ഷാ സംവിധാനങ്ങൾ, ഹരിത കർമ്മ സേനാംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുള്ള സൗകര്യങ്ങൾ, ഹരിതമിത്രം ആപ്ലിക്കേഷന്റെ ഉപയോഗം, മാലിന്യ സംസ്കരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനു ആവശ്യമായ നിർദേശങ്ങൾ എന്നിവയാണ് ഓഡിറ്റിംഗിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റിംഗ് 2025 ജനുവരി 15 ന് പൂർത്തിയാകും. മികച്ച ഓഡിറ്റിംഗ് റിപ്പോർട്ടുകൾ സമർപ്പിക്കുന്ന ഭൂമിത്രസേന ക്ലബ്ബുകൾക്ക് സംസ്ഥാന തലത്തിൽ പുരസ്കാരങ്ങൾ നൽകുകയും ശേഖരിച്ച വിവരങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ചു പ്രസിദ്ധീകരിക്കുകയും ചെയ്യും.

## അപേക്ഷ സമർപ്പിക്കാനുള്ള തീയതി നീട്ടി

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കിഴിലുള്ള കളമശ്ശേരിയിലെ സൂപ്പർവൈസറി ഡെവലപ്പ്മന്റ് സെന്ററിൽ (എസ്.ഡി സെന്റർ) ആരംഭിക്കുന്ന ഒരു വർഷ (രണ്ട് സെമസ്റ്റർ) അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഇൻഡസ്ട്രിയൽ സേഫ്റ്റി എൻജിനിയറിങ് (സായാഹ്ന കോഴ്സ്, പാർട്ട് ടൈം ബാച്ച്) നു അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജനുവരി 20 വരെയായി നീട്ടി.

അപേക്ഷ ഫോമും പ്രോസ്പെക്ടസും സൂപ്പർവൈസറി ഡെവലപ്പ്മെന്റ് സെന്ററിൽ നിന്നും ലഭിക്കും. അപേക്ഷ ഫീസ് 500 രൂപ. അപേക്ഷ ഫോം തപാലിൽ ലഭിക്കുന്നതിന് അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ 600 രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് അസിസ്റ്റന്റ് ഡയറക്ടർ, സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്റർ, കളമശ്ശേരി -683 104 എന്ന വിലാസത്തിൽ സ്വന്തം മേൽവിലാസം രേഖപ്പെടുത്തിയ എൻവലപ് സഹിതം രജിസ്റ്റേർഡ് പോസ്റ്റ് അയക്കേണ്ടതാണ്.

എല്ലാ വ്യവസായ ശാലകളിലും നിർമാണ മേഖലകളിലും സേഫ്റ്റി ഓഫീസർമാരുടെ സേവനം നിയമപരമായി അത്യന്താപേക്ഷിതമാണ്. നിലവിൽ യോഗ്യതയുള്ള ഉദ്യോഗാർഥികളുടെ അഭാവം പരിഹരിക്കുന്നതിന് വേണ്ടി കേരള സർക്കാർ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നടത്തപ്പെടുന്ന കോഴ്സ് ആണ് അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഇൻഡസ്ട്രിയൽ സേഫ്റ്റി എൻജിനീയറിങ്. ഇത് കേരളത്തിൽ നിലവിൽ കളമശ്ശേരിയിലെ സൂപ്പർവൈസറി ഡെവലപ്പ്മെന്റ് സെന്ററിൽ മാത്രമാണ് നടത്തപ്പെടുന്നത്. ജോലി ചെയ്യുന്നവർക്ക് കൂടി പഠിക്കാൻ സാധിക്കുന്ന വിധത്തിൽ സായാഹ്ന കോഴ്സായിട്ടാണ് നടത്തുന്നത്. ഈ കോഴ്സ് പഠിക്കുന്നവർക്ക് കേരളത്തിന് അകത്തും പുറത്തും സേഫ്റ്റി ഓഫീസർമാരായി ജോലി നേടാനുള്ള അവസരമുണ്ടാകും. കൂടുതൽ വിവരങ്ങൾക്ക് 0484-2556530 എന്ന നമ്പറിൽ ബന്ധപ്പെടുക. എൻജിനീയറിങ് ഡിഗ്രി, ഡിപ്ലോമ, ബി.എസ്.സി (ഫിസിക്സ്, കെമിസ്ട്രി) എന്നീ കോഴ്സുകൾ പാസായവർക്ക് അപേക്ഷിക്കാം. തൊഴിൽ പരിചയമുള്ളവർക്ക് മുൻഗണന ലഭിക്കും.

## അപേക്ഷ ക്ഷണിച്ചു

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് വൈറോളജിയിൽ വിവിധ പ്രോജക്ടുകളിൽ പ്രോജക്ട് സയന്റിസ്റ്റ്/ പ്രോജക്ട് അസോസിയേറ്റ് തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: https://iav.kerala.gov.in/2021/07/06/advertisements/ .

## അപേക്ഷ ക്ഷണിച്ചു

കേരള ഡെവലപ്പ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്), ടെറുമോ പെൻപോൾ പ്രൈവറ്റ് ലിമിറ്റഡുമായി സഹകരിച്ച് സ്ത്രീകൾക്കായി നടത്തുന്ന ഡിപ്ലോമ ഇൻ ഗ്രാഫിക് ഡിസൈനിങ് ആൻഡ് അഡ്വെർട്ടൈസിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. സർക്കാർ സ്ഥാപനമായ റുട്രോണിക്സ് തിരുവന്തപുരത്തെ ആയുർവേദ കോളേജ് ജംഗ്ഷനു സമീപമുള്ള പരിശീലന കേന്ദ്രത്തിൽ റഗുലർ ഓഫ്‌ലൈൻ ബാച്ചായിട്ടാണ് കോഴ്സ് നടത്തുന്നത്.

നൈപുണ്യ വികസനത്തിലൂടെ സ്ത്രീകളെ ശാക്തീകരിക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന പരിപാടിയിൽ കെ ഡിസ്കും ടെറുമോ പെൻപോൾ പ്രൈവറ്റ് ലിമിറ്റഡും ചേർന്ന് നൽകുന്ന തൊഴിലവസരവും വ്യവസായ സന്നദ്ധത പരിശീലനവും ഉൾപ്പെടുന്നു. 18-45 വയസ് പ്രായമുള്ള സ്ത്രീകൾക്ക് അപേക്ഷിക്കാം.

സാമ്പത്തികമായി പിന്നോക്കമായവർക്കു മുൻഗണന നൽകും.

ടെറുമോ പെൻപോൾ പ്രൈവറ്റ് ലിമിറ്റഡിന്റെ പിന്തുണയുള്ള സി എസ് ആർ പ്രൊജക്റ്റ് ആയതിനാൽ അപേക്ഷ ഫീസും, കോഴ്സ് ഫീസും ഈടാക്കുന്നതല്ല. കോഴ്സ് 2025 ഫെബ്രുവരി 03-ന് ആരംഭിക്കും. അപേക്ഷിക്കാനുള്ള അവസാന തീയതി 20 ജനുവരി 2025 ആണ്. താൽപ്പര്യമുള്ളവർക്ക് കേരള നോളജ് ഇക്കണോമി മിഷന്റെ വെബ്പോർട്ടലായ ഡി.ഡബ്ല്യു.എം.എസ്സിൽ (ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം) https://knowledgemission.kerala.gov.in/ വഴി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് 9072645403 ബന്ധപ്പെടുക.

## പെരിയ കേസ് രാഷ്ട്രീയപ്രേരിതം; പാർട്ടിക്ക് പങ്കില്ലെന്ന് സിപിഎം ജില്ലാ സെക്രട്ടറി

കാസർഗോഡ്: പെരിയ കേസുമായി സിപിഎമ്മിന് യാതൊരു ബന്ധവുമില്ലെന്ന് സിപിഎം കാസർഗോഡ് ജില്ലാ സെക്രട്ടറി എം. വി. ബാലകൃഷ്ണൻ. കൊലപാതകത്തിലും ഗൂഢാലോചനയിലും സിപിമ്മിന് പങ്കില്ലെന്ന് അദ്ദേഹം പറഞ്ഞു.

കേസ് രാഷ്ട്രീയപ്രേരിതമാണെന്ന് വരുത്തിതീർക്കാനാണ് സിബിഐ ശ്രമിച്ചത്. പ്രതികളുടെ ശിക്ഷ സ്റ്റേ ചെയ്തുകൊണ്ടുള്ള ഹൈക്കോടതി വിധിയോടെ കേസിൽ കള്ളമൊഴി കൊടുത്തിട്ടുണ്ടെന്ന് തെളിഞ്ഞെന്നും അദ്ദേഹം ആരോപിച്ചു.

പെരിയ ഇരട്ടക്കൊലക്കേസിൽ നാല് പ്രതികളുടെ ശിക്ഷ ഹൈക്കോടി സ്റ്റേ ചെയ്തതിന് പിന്നാലെയാണ് പ്രതികരണം. മുൻ എംഎൽഎ കെ. വി. കുഞ്ഞിരാമൻ, മണികണ്ഠൻ, രാഘവൻ വെളുത്തോളി, ഭാസ്കരൻ വെളുത്തോളി എന്നിവരുടെ ശിക്ഷയാണ് സ്റ്റേ ചെയ്തത്.

അഞ്ച് വർഷത്തെ തടവിന് ശിക്ഷിക്കപ്പെട്ട പ്രതികളാണ് അപ്പീൽ നൽകിയത്. ഇവരുടെ അഞ്ച് വർഷത്തെ കഠിന തടവ് ശിക്ഷയാണ് ഹൈക്കോടതി സ്റ്റേ ചെയ്തത്.

## മൂന്നാറിൽ റിസോർട്ടിന്റെ ആറാം നിലയിൽനിന്ന് വീണ് അപകടം; ഒമ്പതുവയസുകാരൻ മരിച്ചു

ഇടുക്കി: മൂന്നാർ ചിത്തിരപുരത്ത് റിസോർട്ടിന്റെ ആറാം നിലയിൽനിന്ന് വീണ് ഒമ്പതുവയസുകാരൻ മരിച്ചു. മധ്യപ്രദേശ് സ്വദേശി പ്രഭാ ദയാൽ(ഒമ്പത്) ആണ് മരിച്ചത്.

മുറിയിലെ സ്ലൈഡിംഗ് ജനലിലൂടെ കുട്ടി താഴേക്ക് പതിക്കുകയായിരുന്നു. ലോക്ക് ചെയ്തിരുന്ന ജനൽ കസേരയിൽ കയറിനിന്ന് തുറക്കാൻ ശ്രമിക്കുമ്പോഴാണ് അപകടം. ഉടനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

പോസ്റ്റ്മോർട്ടം ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കിയ ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടു നൽകി.

വീഴ്ചയിൽ തലയോട്ടിക്കും വാരിയെല്ലിനും ഗുരുതര പരിക്ക് പറ്റിയതിനെ തുടർന്നാണ് മരണമെന്നാണ് പോസ്റ്റ്മോർട്ടത്തിലെ പ്രാഥമിക നിഗമനം.

# ഞായറാഴ്ച വരെ നേരിയ മഴയ്ക്ക് സാധ്യത; ഒരു ജില്ലകളിലും പ്രത്യേക മുന്നറിയിപ്പില്ല

തിരുവനന്തപുരം: സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഞായറാഴ്ച വരെ നേരിയ മഴയ്ക്ക് സാധ്യത. അതേസമയം, കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ അഞ്ചുദിവസത്തേക്കുള്ള മഴ പ്രവചനം അനുസരിച്ച് ഒരു ജില്ലകളിലും പ്രത്യേക മുന്നറിയിപ്പില്ല.

ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിലാണ് നേരിയ മഴയ്ക്ക് സാധ്യതയുള്ളത്. വ്യാഴാഴ്ച പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലും വെള്ളിയാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, ഇടുക്കി ജില്ലകളിലും ശനിയാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലും ഞായറാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലുമാണ് മഴയ്ക്ക് സാധ്യതയുള്ളത്.

ശബരിമലയിലെ പ്രത്യേക കാലാവസ്ഥാ പ്രവചനം അനുസരിച്ച് ഇന്ന് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ആകാശം ഭാഗികമായി മേഘാവൃതമായിരിക്കും. നേരിയ മഴയ്ക്ക് സാധ്യതയുണ്ട്.

അതേസമയം, കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസമില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

തെക്കുകിഴക്കൻ ബംഗാൾ ഉൾക്കടലിന്റെ വടക്കൻ ഭാഗങ്ങൾ, അതിനോടു ചേർന്ന തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

വ്യാഴാഴ്ച തെക്കൻ ബംഗാൾ ഉൾക്കടലിന്റെ മധ്യഭാഗങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

വെള്ളിയാഴ്ച തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ, അതിനോട് ചേർന്ന തെക്കുകിഴക്കൻ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

മേൽപ്പറഞ്ഞ തീയതികളിൽ ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകുവാൻ പാടുള്ളതല്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നല്കി.

# ഹാമിൽട്ടണിൽ കിവീസിന് 113 റൺസ് ജയം, പരമ്പര; ലങ്കയ്ക്ക് ആശ്വാസമായി തീക്ഷണയുടെ ഹാട്രിക്

ഹാമിൽട്ടൺ: ശ്രീലങ്കയ്ക്കെതിരായ ഏകദിന പരമ്പര സ്വന്തമാക്കി ന്യൂസിലൻഡ്. ഹാമിൽട്ടണിൽ നടന്ന രണ്ടാം ഏകദിനത്തിൽ 113 റൺസിനായിരുന്നു ആതിഥേയരുടെ വിജയം. മഴ മൂലം 37 ഓവറായി ചുരുക്കിയ മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ന്യൂസിലൻഡ് ഉയർത്തിയ 256 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ലങ്ക 142 റൺസിനു പുറത്തായി.

അർധസെഞ്ചുറി നേടിയ കമിന്ദു മെൻഡിസ് (64) ആണ് ലങ്കൻ നിരയിൽ ടോപ് സ്കോറർ. അതേസമയം, അവിഷ്ക ഫെർണാണ്ടോ (10), ജനിത് ലിയാനഗെ (22), ചമിദു വിക്രമസിംഗെ (17) എന്നിവരൊഴികെ മറ്റാർക്കും രണ്ടക്കം പോലും കടക്കാനായില്ല.

ന്യൂസിലൻഡിനു വേണ്ടി വില്യം ഒറൂർക്കെ മൂന്നു വിക്കറ്റ് വീഴ്ത്തിയപ്പോൾ ജേക്കബ് ഡഫി രണ്ടും മാറ്റ് ഹെൻറി, നഥാൻ സ്മിത്ത്, മിച്ചൽ സാൻറ്നർ എന്നിവർ ഓരോ വിക്കറ്റ് വീതവും വീഴ്ത്തി.

നേരത്തെ, സെഡൻ പാർക്കിൽ ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനിറങ്ങിയ ന്യൂസിലൻഡ് അർധസെഞ്ചുറി നേടിയ രചിൻ രവീന്ദ്രയുടെയും മാർക്ക് ചാപ്മാന്റെയും കരുത്തിലാണ് മികച്ച സ്കോർ നേടിയത്. രചിൻ 63 പന്തിൽ ഒമ്പതു ബൗണ്ടറികളും ഒരു സിക്സറുമടക്കം 79 റൺസെടുത്തപ്പോൾ ചാപ്മാൻ 52 പന്തിൽ അഞ്ചു ബൗണ്ടറികളും രണ്ടു സിക ്സറുമുൾപ്പെടെ 62 റൺസെടുത്തു.

ഡാരിൽ മിച്ചൽ (38), ഗ്ലെൻ ഫിലിപ്സ് (22), മിച്ചൽ സാൻറ്നർ (20) എന്നിവരും തരക്കേടില്ലാത്ത സംഭാവനകൾ നല്കി.

അതേസമയം, ചരിത്ര ഹാട്രിക് സ്വന്തമാക്കിയ മഹീഷ് തീക്ഷണയുടെ ബൗളിംഗാണ് തോൽവിയിലും ലങ്കയ്ക്ക് ആശ്വാസമായത്. കിവീസ് നായകൻ മിച്ചൽ സാൻറ്നറെയും നഥാൻ സ്മിത്തിനെയും മാറ്റ് ഹെൻറിയെയും പുറത്താക്കിയാണ് തീക്ഷണ ഹാട്രിക് നേട്ടത്തിലെത്തിയത്.

ഇതുൾപ്പെടെ നാലുവിക്കറ്റുകളാണ് താരം വീഴ്ത്തിയത്. ഇതോടെ, ഏകദിനത്തിൽ ഹാട്രിക് നേടുന്ന ഏഴാമത്തെ ലങ്കൻ ബൗളറായി തീക്ഷണ.

# നടപടി ഉണ്ടാവുമെന്ന് മുഖ്യമന്ത്രി ഉറപ്പുനല്കിയിരുന്നു; ഇപ്പോൾ സന്തോഷവും സമാധാനവും: ഹണി റോസ്

കൊച്ചി: ബോബി ചെമ്മണ്ണൂരിനെതിരെ നടപടി എടുത്തതിൽ സന്തോഷമുണ്ടെന്ന് നടി ഹണി റോസ്. പരാതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയനുമായി സംസാരിച്ചിരുവെന്നും എത്രയും വേഗം നടപടി ഉണ്ടാകുമെന്നു മുഖ്യമന്ത്രി പറഞ്ഞുവെന്നും അവർ കൂട്ടിച്ചേർത്തു.

പരാതിയിൽ വേഗത്തിൽ നടപടി വന്നത് ഏറെ ആശ്വാസകരമാണ്. ആർക്കും എന്തും പറയാമെന്നതിന് മാറ്റം വരുമെന്നുറപ്പായി. ഇപ്പോൾ അതിയായ സന്തോഷവും സമാധാനവും തോന്നുന്നുണ്ടെന്നും ഹണി റോസ് മാധ്യമങ്ങളോട് പറഞ്ഞു.

തുടർച്ചയായി സൈബർ ആക്രമണം ഉണ്ടായപ്പോൾ ആവർത്തിക്കരുത്, ആവർത്തിക്കരുത് എന്ന് പറഞ്ഞിട്ടും ഇതിലും മോശമായ രീതിയിൽ ആവർത്തിക്കുകയാണ് ഉണ്ടായത്. അപ്പോൾ മുതൽ ഇത് പണത്തിന്റെ ഹുങ്ക് ആണ്, വെല്ലുവിളിയാണെന്ന് എനിക്ക് തോന്നി. അപ്പോഴാണ് എല്ലാത്തിനും ഒരു അവസാനം വേണം. അതുകൊണ്ടാണ് ഒരു യുദ്ധത്തിനായി ഇറങ്ങാമെന്ന് തീരുമാനിച്ചതെന്ന് ഹണി റോസ് പറഞ്ഞു.

ഇവിടെ ഒരു നിയമമുണ്ട്. എന്നാൽ ഇയാൾ തുടർച്ചയായി പിന്നാലെ കൂടി ക്രിമിനൽ പ്രവർത്തി ചെയ്യുകയായിരുന്നു. ഒടുവിൽ ഇത് നിർത്തണം എന്ന ആഗ്രഹത്തോടെയാണ് ഞാനും കുടുംബവും തീരുമാനം എടുത്ത് ഇതിനെതിരെ നീങ്ങിയത്. എല്ലാവരും ചേർന്ന് എടുത്ത തീരുമാനത്തിലാണ് കേസ് കൊടുത്തത്.

ഇത്തരം അനുഭവങ്ങൾ ഉണ്ടായപ്പോൾ മുഖ്യമന്ത്രിയുമായി സംസാരിക്കണമെന്ന് താൻ ആഗ്രഹിച്ചിരുന്നു. അതനുസരിച്ച് ചൊവ്വാഴ്ച മുഖ്യമന്ത്രിയുമായി സംസാരിക്കാൻ അവസരം കിട്ടി. അപ്പോൾ തനിക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ പറഞ്ഞു. കുടുംബത്തിന് ഉണ്ടായ പ്രയാസങ്ങളും പറഞ്ഞു. നടപടി സ്വീകരിക്കാമെന്ന് അദ്ദേഹം ഉറപ്പുനൽകി. കാര്യക്ഷമമായ സംവിധാനം ഉള്ളതുകൊണ്ടാണ് ഇത്രയും പെട്ടെന്ന് കസ്റ്റഡിയിലെടുക്കാൻ സാധിച്ചതെന്നും ഹണി റോസ് കൂട്ടിച്ചേർത്തു.

ഹണി റോസിന്റെ പരാതിയിൽ ഇന്നു രാവിലെയാണ് വയനാട്ടിലെ റിസോർട്ടിൽ വച്ച് ബോബി ചെമ്മണ്ണൂരിനെ കസ്റ്റഡിയിലെടുത്തത്. അദ്ദേഹത്തെ എറണാകുളം സെൻട്രൽ സ്റ്റേഷനിലെത്തിച്ച് ചോദ്യം ചെയ്യും.

# ഒന്നര വർഷം നീണ്ട മോഷണ പരമ്പര; ചുമടുതാങ്ങി തിരുട്ടു സംഘം പിടിയിൽ

പത്തനംതിട്ട: ഒന്നര വർഷമായി മോഷണ പരമ്പര നടത്തിവന്നിരുന്ന യുവാക്കൾ പിടിയിൽ. കടമ്പനാട് കല്ലുകുഴി സ്വദേശി ബിജീഷ്, കൊല്ലം നെടിയവിള സ്വദേശി ആദിത്യൻ, പോരുവഴി സ്വദേശി നിഖിൽ എന്നിവരാണ് പിടിയിലായത്.

ചുമടുതാങ്ങി തിരുട്ടു സംഘം എന്നറിയപ്പെടുന്നവരിൽ മൂന്നു പേരാണ് പിടിയിലായത്. ഇവർക്കെതിരേ നിരവധി കേസുകൾ ഉണ്ടെങ്കിലും ഇതുവരേ പിടികൂടാൻ സാധിച്ചിരുന്നില്ല.

പരാതി നൽകുന്നവരുടെ വീടുകളിൽ അന്ന് രാത്രി തന്നെ കയറി മോഷണം നടത്തുന്നതാണ് ഇവരുടെ രീതി. മോഷണത്തിന് തടസം നിൽക്കുന്നവരെ ഇവർ മാരകമായി ആക്രമിച്ച് രക്ഷപ്പെടും.

ഡിസംബർ നാലിന് രാത്രി കുരമ്പാല സ്വദേശിയുടെ വീട്ടിൽ നിന്ന് സ്കൂട്ടറും റബ്ബർ ഷീറ്റുകളും സംഘം മോഷ്ടിച്ചിരുന്നു. അന്ന് തന്നെ കേസ് എടുത്ത് പന്തളം പോലീസ് അന്വേഷണം തുടങ്ങി.

സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിൽ മോഷ്ടിച്ച വാഹനം കടമ്പനാട് എത്തിച്ചതായി പോസിന് വ്യക്തമായി. കേസിലെ മൂന്നാം പ്രതിയായ നിഖിലിനെയാണ് ആദ്യം പിടികൂടിയത്. തുടർന്ന് നടത്തിയ ചടുലമായ നീക്കത്തിലൂടെയാണ് മറ്റ് രണ്ട് പേരും കസ്റ്റഡിയിലായത്.

കടമ്പനാട് കല്ലുകുഴിക്ക് സമീപം ചുമടുതാങ്ങി മേഖലയിൽ ഏറെക്കാലം സംഘം ഭീതി വിതച്ചിരുന്നു. അങ്ങനെയാണ് നാട്ടുകാർ ഇവർക്ക് ചുമടുതാങ്ങി തിരുട്ടു സംഘം എന്ന് പേരു നൽകിയത്.

# ഫ്രിഡ്ജിനുള്ളിലെ അസ്ഥികൂടഭാഗങ്ങൾ; വീട്ടുടമയായ ഡോക്ടറിൽനിന്ന് കൂടുതൽ മൊഴിയെടുക്കും

ചോറ്റാനിക്കര: ചോറ്റാനിക്കരയിൽ അടഞ്ഞു കിടക്കുന്ന വീട്ടിലെ ഫ്രിഡ്ജിനുള്ളിൽ നിന്ന് അസ്ഥികൂടത്തിന്റെ ഭാഗങ്ങൾ കണ്ടെത്തിയ കേസിൽ വീട്ടുടമയായ ഡോ. ഫിലിപ്പ് ജോണിൽ നിന്നും കൂടുതൽ മൊഴിയെടുക്കും.

കഴിഞ്ഞ ദിവസം ഡോക്ടർ പറഞ്ഞത് പഠനാവശ്യങ്ങൾക്കായി സൂക്ഷിച്ചവയാണ് അസ്ഥികൂട ഭാഗങ്ങളെന്നാണ്. ഇവ എന്ന് മുതലാണ് വീട്ടിൽ സൂക്ഷിച്ച് തുടങ്ങിയത് എന്നിവയടക്കം കൂടുതൽ കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനാണ് ഡോക്ടറിൽനിന്നും വിശദമായ മൊഴിയെടുക്കുന്നത്. കഴിഞ്ഞ ദിവസം നടത്തിയ പോസ്റ്റുമോർട്ടത്തിൽ മൂന്നു കവറുകളിലായി കണ്ടെത്തിയ അസ്ഥികൂട ഭാഗങ്ങൾ ഒരാളുടേതല്ലായെന്ന് പരിശോധനയിൽ വ്യക്തമായിരുന്നു. ശരീര അവശിഷ്ടങ്ങളുടെ ഫോറൻസിക് പരിശോധനയും ഡിഎൻഎ പരിശോധനയും പോലീസ് നടത്തുന്നുണ്ട്. എറണാകുളത്ത് താമസിക്കുന്ന ഡോ. ഫിലിപ്പ് ജോണിന്റെ ഉടമസ്ഥതയിലുള്ള ചോറ്റാനിക്കര പാലസ് സ്ക്വയറിനടുത്തുള്ള മംഗലശേരി വീടിനുള്ളിലുണ്ടായിരുന്ന ഫ്രിഡ്ജിൽനിന്നാണ് മൂന്ന് കിറ്റുകളിലായി അസ്ഥികൂട അവശിഷ്ടങ്ങൾ കഴിഞ്ഞ ദിവസം കണ്ടെത്തിയത്. കൈവിരലുകൾ, കാൽവിരലുകൾ, തലയോട്ടി എന്നിവ പ്രത്യേകം കിറ്റുകളിലാണ് കണ്ടെത്തിയത്. അസ്ഥികൂടം കണ്ടെത്തിയ വീട്ടിലേക്ക് പതിനഞ്ച് വർഷമായി പോകാറില്ലെന്നാണ് ഡോ. ഫിലിപ്പ് ജോൺ പോലീസിനോട് പറഞ്ഞത്.

## ഹൃദയാഘാതം; ആലപ്പുഴ സ്വദേശി റിയാദിൽ മരിച്ചു

റിയാദ്: ഹൃദയാഘാതത്തെ തുടർന്ന് ആലപ്പുഴ സ്വദേശി റിയാദിൽ മരിച്ചു. ആലപ്പുഴ ചാരുംമൂട് വേടകപ്ലാവ് സ്വദേശി സുരേഷ് ദാമോദരൻ (50) ആണ് മരിച്ചത്.

റിയാദിലെ താമസസ്ഥലത്ത് ഇയാൾ കുഴഞ്ഞു വീഴുകയായിരുന്നു. പ്രഭാത ഭക്ഷണത്തിനുശേഷം സാധനം വാങ്ങുന്നതിനായി പുറത്തേക്ക് പോകാൻ തയാറാകുന്നതിനിടെയാണ് ഹൃദയാഘാതമുണ്ടായത്.

10 വർഷമായി സൗദി കാർപ്പറ്റിൽ ഇലക്ട്രീഷ്യനായി ജോലിചെയ്യുകയായിരുന്നു. മൃതദേഹം നാട്ടിൽ എത്തിക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചു.

## ശബരിമലയിൽ സ്പോട്ട് ബുക്കിംഗിന് ഇന്ന് മുതൽ നിയന്ത്രണം

പമ്പ: ശബരിമലയിൽ സ്പോട്ട് ബുക്കിംഗിന് ഇന്ന് മുതൽ നിയന്ത്രണം. ഈ മാസം 15 വരെ സ്പോട്ട് ബുക്കിംഗ് 5,000 ആക്കി.

മകരവിളക്കിനോട് അനുബന്ധിച്ചാണ് വെർചൽ, സ്പോട്ട് ബുക്കിംഗുകൾ പരിമിതപ്പെടുത്താൻ തീരുമാനിച്ചത്. ജനുവരി15ന് വെർചൽ ക്യൂവിൽ 70, 000 പേരാണ് ബുക്ക് ചെയ്തിരിക്കുന്നത്. ഇവർ അന്നേ ദിവസം രാവിലെ ആറിന് പമ്പയിൽ എത്തിയാൽ മതിയെന്ന് നിർദേശിച്ചിട്ടുണ്ട്. 15ന് സ്പോട്ട് ബുക്കിംഗ് രാവിലെ 11ന് ശേഷം മാത്രമായിരിക്കും നടക്കുക.

## ഈ കപ്പ് ഞങ്ങൾക്ക് വേണം, ഈ കപ്പ് ഇങ്ങ് എടുക്കുവാ; കലാകിരീടം തൃശൂരിന്

തിരുവനന്തപുരം: 63–ാമത് സംസ്ഥാന സ്കൂൾ കലോത്സവ കിരീടം തൃശൂരിന്. 1008 പോയിൻറുമായാണ് തൃശൂർ സ്വർണക്കപ്പ് സ്വന്തമാക്കിയത്. പാലക്കാടിനാണ് രണ്ടാം സ്ഥാനം. കണ്ണൂർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. സ്ളുകളിൽ ആലത്തൂർ ഗുരുകുലം എച്ച്എസ്എസ് പന്ത്രണ്ടാം തവണയും ചാമ്പ്യൻമാരായി. നാലുദിവസമായി മുന്നിട്ടു നിന്ന കണ്ണൂരിനെ മലർത്തിയടിച്ചാണ് തൃശൂർ കപ്പുയർത്തുന്നത്. കാൽ നൂറ്റാണ്ടിനുശേഷമാണ് കലാകിരീടം തൃശൂരിന്റെ മണ്ണിലേക്ക് എത്തുന്നത്. 1999ലെ കൊല്ലം കലോത്സവത്തിലാണ് തൃശൂർ അവസാനമായി കപ്പ് നേടിയത്.

കലോത്സവത്തിന്റെ സമാപന സമ്മേളനം ഇന്നു വൈകിട്ട് അഞ്ചിനു പ്രധാന വേദിയായ സെൻട്രൽ സ്റ്റേഡിയത്തിൽ ആരംഭിക്കും. പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും. ചലച്ചിത്ര താരങ്ങളായ ടോവിനോ തോമസ്, ആസിഫലി എന്നിവർ മുഖ്യാതിഥികളായെത്തും. മന്ത്രി ജി. ആർ. അനിൽ അധ്യക്ഷനാകും.

കലോത്സവ സ്വർണക്കപ്പ് വിതരണവും 62–ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെയും 2024 സംസ്ഥാന സ്കൂൾ കായികമേളയുടെയും മാധ്യമ പുരസ്കാര വിതരണവും മന്ത്രി വി ശിവൻകുട്ടി നിർവഹിക്കും. സ്പീക്കർ എ. എൻ. ഷംസീർ മുഖ്യപ്രഭാഷണം നടത്തും. എംപിമാരുംഎംഎൽഎമാരും ഉന്നത ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുക്കും.

## പ്രതിഭയുടേത് ഒരമ്മയുടെ വികാരപ്രകടനമായി കാണണം; സിപിഎം ജില്ലാ സെക്രട്ടറി

ആലപ്പുഴ: യു. പ്രതിഭയുടെ മകൻ ഉൾപ്പെട്ട കഞ്ചാവ് കേസിൽ എംഎൽഎ പറഞ്ഞ കാര്യങ്ങൾ ഒരു അമ്മയുടെ വികാരപ്രകടനമായി മാത്രം കണ്ടാൽ മതിയെന്ന് സിപിഎം ആലപ്പുഴ ജില്ലാ സെക്രട്ടറി ആർ. നാസർ.

എംഎൽഎ മാത്രമല്ല, പ്രതിഭ ഒരു അമ്മ കൂടിയാണ്. പ്രതിഭയുടെ വിശ്വാസം മകൻ തെറ്റ് ചെയ്തിട്ടില്ലെന്നാണ്. അമ്മ എന്ന നിലയിലുള്ള പ്രതികരണമാണ് പ്രതിഭ നടത്തിയത്.

പ്രതിഭയുടെ മകനെതിരേ അന്വേഷണം നടത്തിയ ശേഷമാണ് എക്സൈസ് കേസെടുത്തത്. എക്സൈസിന് ബോധപൂർവം ആരെയും കേസിൽ കുടുക്കാനാവില്ലെന്നും അദ്ദേഹം പറഞ്ഞു.

## ഡൽഹി തെരഞ്ഞെടുപ്പ്: 25 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ പരിരക്ഷയുമായി കോൺഗ്രസ്

ന്യൂഡൽഹി: ഡൽഹി നിയമസഭ തെരഞ്ഞെടുപ്പിൽ 25 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ പരിരക്ഷയുമായി കോൺഗ്രസ്. പ്രകടനപത്രികയിലാണ് കോൺഗ്രസ് ജീവൻ രക്ഷാ യോജന പദ്ധതി ഉൾപ്പെടുത്തിയത്.

ജീവൻ രക്ഷാ യോജന പ്രകാരം 25 ലക്ഷം രൂപ വരെ ആരോഗ്യ ഇൻഷുറൻസ് ലഭിക്കും. ഡൽഹി കോൺഗ്രസ് അധ്യക്ഷൻ ദേവേന്ദർ യാദവിനൊപ്പം രാജസ്ഥാൻ മുൻ മുഖ്യമന്ത്രി അശോക് ഗെഹ്‌ലോട്ടും ചേർന്നാണ് പദ്ധതി സംബന്ധിച്ച വിവരങ്ങൾ പുറത്തുവിട്ടത്.

രാജസ്ഥാനിൽ സമാനമായ ഒരു പദ്ധതി കോൺഗ്രസ് ആരംഭിച്ചിരുന്നു. രാജസ്ഥാനിൽ ഇതൊരു വിപ്ലവകരമായ പദ്ധതിയായിരുന്നുവെന്ന് ഗെഹ്ലോട്ട് പറഞ്ഞു.

ഡൽഹിയിൽ ഫെബ്രുവരി അഞ്ചിന് ഒറ്റഘട്ടമായാണ് വോട്ടെടുപ്പ്. ഫെബ്രുവരി എട്ടിനാണ് വോട്ടെണ്ണൽ.

## ഡൽഹിയിൽ ഭാര്യയെ കൊന്ന് മൃതദേഹം ഒളിപ്പിച്ച യുവാവ് അറസ്റ്റിൽ

ന്യൂഡൽഹി: ഡൽഹിയിൽ ഭാര്യയെ കൊന്ന് മൃതദേഹം ഒളിപ്പിച്ച യുവാവ് അറസ്റ്റിൽ. ഭാര്യയ്ക്ക് മറ്റൊരാളുമായി അവിഹിത ബന്ധമുണ്ടെന്ന് സംശയിച്ചായിരുന്നു കൊല. ഭാര്യയുടെ ആൺ സുഹൃത്തിനെയും കൊല്ലാൻ പദ്ധതി തയാറാക്കിയ യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു.

തെക്കുപടിഞ്ഞാറൻ ഡൽഹിയിലെ ജനക്പുരിയിൽ വച്ച് ദീപിക ചൗഹാൻ(26)ആണ് കൊല്ലപ്പെട്ടത്. തുടർന്ന് ഭർത്താവ് ധൻരാജ് മൃതദേഹം പെട്ടിക്കുള്ളിൽ ഒളിപ്പിച്ചു വയ്ക്കുകയായിരുന്നു.

ടാക്സി ഡ്രൈവറായ ധൻരാജ് കടുത്ത മദ്യപാനിയായിരുന്നു. ദീപിക ജോലി ചെയ്തുണ്ടാക്കുന്ന വരുമാനം കൊണ്ടാണ് വീട്ടിലെ കാര്യങ്ങൾ നടന്നിരുന്നത്. ഡിസംബർ 29നാണ് ദീപിക കൊല്ലപ്പെട്ടത്. സംഭവത്തിന് പിന്നാലെ അമൃത്സറിലേക്ക് പോയ ഇയാൾ മടങ്ങി വരുന്നതിനിടെയാണ് പോലീസിന്റെ പിടിയിലാകുന്നത്.

ദീപികയ്ക്ക് മറ്റൊരാളുമായി ബന്ധമുണ്ടെന്ന് സംശയിച്ചാണ് ഇയാൾ കൃത്യം നടത്തിയത്. ദീപികയുടെ ആൺ സുഹൃത്തിനെയും കൊല്ലാൻ ഇയാൾ പദ്ധതിയിട്ടുവെങ്കിലും പോലീസിന്റെ ഇടപെടലിൽ അത് നടന്നില്ല. ദീപികയുടേത് ഉൾപ്പടെ മൂന്ന് മൊബൈൽ ഫോണുകൾ ഇയാളിൽ നിന്നും പോലീസ് കണ്ടെടുത്തിട്ടുണ്ട്.

## വിമാനത്തിന്റെ ലാൻഡിംഗ് ഗിയറിൽ മൃതദേഹങ്ങൾ

ഫ്ളോറിഡ: വിമാനത്തിന്റെ ലാൻഡിംഗ് ഗിയറിൽ രണ്ട് മൃതദേഹങ്ങൾ കണ്ടെത്തി. ഫോർട്ട് ലോഡർഡെയ്ൽ-ഹോളിവുഡ് അന്താരാഷ്ട്ര വിമാനത്താവളത്തിലാണ് സംഭവം. വിമാനത്താവളത്തിലെ പതിവ് പരിശോധനയ്ക്കിടെ ജെറ്റ്ബ്ലൂ വിമാനത്തിന്റെ ലാൻഡിംഗ് ഗിയറിൽ നിന്ന് രണ്ട് മൃതദേഹങ്ങൾ കണ്ടെത്തുകയായിരുന്നു. മരിച്ചവരേക്കുറിച്ചുള്ള വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല.

ചൊവ്വാഴ്ച രാവിലെ 11.10 നാണ് വിമാനം ലാൻഡ് ചെയ്തത്. ന്യൂയോർക്കിലെ ജോൺ എഫ് കെന്നഡി വിമാനത്താവളത്തിൽ നിന്നായിരുന്നു വിമാനം ഫോർട്ട് ലോഡർഡെയ്‌ലിലെത്തിയത്. തിങ്കളാഴ്ച രാത്രി നടത്തിയ പരിശോധനയിൽ മൃതദേഹം കണ്ടെത്തുകയായിരുന്നു. ഉടൻ തന്നെ എയർപോർട്ട് അധികൃതർ ഫ്ളോറിഡ പൊലീസിനെ വിവരം അറിയിച്ചു.

മരിച്ച നിലയിൽ കണ്ടെത്തിയവർ എങ്ങന വിമാനത്തിൽ പ്രവേശിച്ചു എന്നത് സംബന്ധിച്ച് അന്വേഷിച്ചുവരികയാണെന്നും ജെറ്റ്ബ്ല്യൂ വ്യക്തമാക്കി.

## ലോസ് ആഞ്ചലസിൽ കാട്ടുതീ പടർന്നു, മുപ്പതിനായിരം പേരെ ഒഴിപ്പിച്ചു

ലോസ് ആഞ്ചലസ്: ലോസ് ആഞ്ചലസിൽ കാട്ടുതീ പടർന്നു. 2,921 ഏക്കറോളം വരുന്ന പ്രദേശത്താണ് തീപടരുന്നത്. അപകടത്തെ തുടർന്ന് വീടുകളടക്കം 13,000 കെട്ടിടങ്ങൾ ഭീഷണിയിലാണ്.

മുപ്പതിനായിരം പേരെ അപകടം നടന്ന സ്ഥലത്തുനിന്ന് ഒഴിപ്പിച്ചെന്നാണ് പ്രാഥമിക വിവരം. ഇതുവരെ ആർക്കും പരിക്കുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. സംഭവത്തെ തുടർന്ന് ലോസ് ആഞ്ചലസിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുകയാണ്. ഭയാനകമായി പടർന്ന് പിടിച്ച തീ നിയന്ത്രണവിധേയമാക്കാൻ അഗ്നിശമന സേനാംഗങ്ങൾ അപകട സ്ഥലത്ത് എത്തിയിരുന്നു. പ്രാദേശിക സമയം വൈകുന്നേരം 6: 30 ഓടെയാണ് പസഫിക് പാലിസേഡ്സ് തീപിടിത്തമുണ്ടായത്.

## എച്ച്എംപി വൈറസ് ബാധ ഒരു കുട്ടിക്ക് കൂടി സ്ഥിരീകരിച്ചു

മുംബൈ: രാജ്യത്ത് ഒരു കുട്ടിക്ക് എച്ച്എംപി വൈറസ് ബാധ സ്ഥിരീകരിച്ചു. മുംബൈയിൽ ആറുമാസം പ്രായമുള്ള പെൺകുട്ടിയിലാണ് രോഗം സ്ഥിരീകരിച്ചത്.

ബംഗളൂരുവിൽ ചികിത്സയിലുണ്ടായിരുന്ന കുട്ടി ആശുപത്രി വിട്ടു. യെലഹങ്കയിലെ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന എട്ട് മാസം പ്രായമുള്ള ആൺകുഞ്ഞാണ് രോഗമുക്തനായി ആശുപത്രി വിട്ടത്. കർണാടകത്തിൽ രോഗം സ്ഥിരീകരിച്ച രണ്ട് കുട്ടികളും രോഗമുക്തരായിരുന്നു. ആദ്യം രോഗബാധ സ്ഥിരീകരിച്ച മൂന്ന് മാസം പ്രായമുള്ള പെൺകുഞ്ഞിനെ നേരത്തേ ഡിസ്ചാർജ് ചെയ്തിരുന്നു. നിലവിൽ കർണാടകയിൽ വൈറസ് ബാധ സ്ഥിരീകരിച്ച രോഗികളില്ലെന്നും സംസ്ഥാന ആരോഗ്യവകുപ്പ് അറിയിച്ചിട്ടുണ്ട്.

പൊതുവേ രോഗപ്രതിരോധശേഷി കുറഞ്ഞവരെയാണ് എച്ച്എംപി വൈറസ് ബാധിക്കുന്നത്. രാജ്യത്ത് ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം ആവർത്തിക്കുന്നുണ്ട്. ബോധവൽക്കരണവും നിരീക്ഷണവും ശക്തമാക്കാൻ സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി.

## ഡോ. വി. നാരായണൻ ഐഎസ്ആർഒ ചെയർമാൻ

ന്യൂഡൽഹി: ഐഎസ്ആർഒയുടെ പുതിയ ചെയർമാനായി ഡോ. വി. നാരായണനെ നിയമിച്ചു. കന്യാകുമാരി സ്വദേശിയായ അദ്ദേഹം നിലവിൽ എൽപിഎസ്സി മേധാവിയാണ്. നിർണായക ഉത്തരവാദിത്വമാണ് ഏറ്റെടുക്കുന്നതെന്നും പ്രധാനമന്ത്രിയോടും കേന്ദ്രസർക്കാരിനോടും നന്ദിയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

നിലവിലെ ചെയർമാനായ ഡോ. എസ്. സോമനാഥ് ജനുവരി 14ന് വിരമിക്കും. ഇതിനു ശേഷമാകും ഡോ. വി. നാരായണൻ ചെയർമാനായി സ്ഥാനം ഏറ്റെടുക്കുക. സി 25 ക്രയോജനിക് എൻജിൻ വികസനത്തിൽ നിർണായക പങ്കുവഹിച്ച ശാസ്ത്രജ്ഞനാണ് ഡോ. വി. നാരായണൻ.

വിക്ഷേപണ വാഹനമായ എൽവിഎം 3യുടെ നിർണായക ഭാഗമാണ് ഈ എൻജിൻ. ചന്ദ്രയാൻ രണ്ട് ലാൻഡിംഗ് ദൗത്യത്തിന്റെ പരാജയം പഠിക്കാൻ നിയോഗിക്കപ്പെട്ട സമിതിയുടെ ചെയർമാനുമായിരുന്നു അദ്ദേഹം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കാരുണ്യ പദ്ധതിയിലേക്ക് ഭാഗ്യക്കുറി വകുപ്പ് 29 കോടി 10 ലക്ഷം രൂപ കൈമാറി




കാരുണ്യ ആരോഗ്യ ചികിത്സാ പദ്ധതിയിലേക്ക് സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ 29 കോടി 10 ലക്ഷം രൂപയുടെ ചെക്ക് ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാലാൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന് കൈമാറുന്നു. സംസ്ഥാന ഭാഗ്യക്കുറിയുടെ കാരുണ്യ, കാരുണ്യ പ്ലസ് ടിക്കറ്റുകളുടെ വിൽപനയിൽ നിന്ന് ലഭിക്കുന്ന മുഴുവൻ തുകയും കാരുണ്യ ആരോഗ്യ ചികിത്സാ പദ്ധതിയിലേക്കാണ് ഭാഗ്യക്കുറി വകുപ്പ് നൽകുന്നത്

കാരുണ്യ ആരോഗ്യ ചികിത്സാ പദ്ധതിയിലേക്ക് സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് 29 കോടി 10 ലക്ഷം രൂപ നൽകി. ധനകാര്യ വകുപ്പു മന്ത്രി കെ എൻ ബാലഗോപാലാണ് ആരോഗ്യ വകുപ്പു മന്ത്രി വീണാ ജോർജിന് തുക കൈമാറിയത്. സംസ്ഥാന ഭാഗ്യക്കുറിയുടെ കാരുണ്യ, കാരുണ്യ പ്ലസ് ടിക്കറ്റുകൾ വിറ്റു കിട്ടുന്ന മുഴുവൻ തുകയും കാരുണ്യ ആരോഗ്യ ചികിത്സാ പദ്ധതിയിലേക്കാണ് ഭാഗ്യക്കുറി വകുപ്പ് നൽകുന്നത്.

വ്യാഴാഴ്ചകളിൽ നറുക്കെടുക്കുന്ന കാരുണ്യ പ്ലസിനും ശനിയാഴ്ചകളിൽ നറുക്കെടുക്കുന്ന കാരുണ്യ ഭാഗ്യക്കുറിക്കും 80 ലക്ഷം രൂപയാണ് ഒന്നാം സമ്മാനമായി നൽകുന്നത്. 40 രൂപയാണ് ടിക്കറ്റു വില. ഒന്നാം സമ്മാനമായി ഇരുപത് കോടി രൂപ നൽകുന്ന ക്രിസ്തുമസ് - നവവത്സര ടിക്കറ്റാണ് നിലവിൽ ബമ്പർ ടിക്കറ്റായി വിപണിയിൽ ഉള്ളത്.

സംസ്ഥാന ഭാഗ്യക്കുറി വകുപ്പു ഡയറക്ടർ എബ്രഹാം റെൻ, പബ്ലിസിറ്റി ഓഫീസർ ജി ബിൻസിലാൽ, ജില്ലാ ലോട്ടറി ഓഫീസർ ആനന്ദ് എസ് കുമാർ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ജോയിന്റ് ഡയറക്ടർമാരായ അല്ലിറാണി എ എം, ഡോ. ബിജോയ് ഇ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## പെരിയ കേസ്: സിപിഎം നേതാക്കളുടെ ശിക്ഷ സ്റ്റേ ചെയ്തതിൽ ആശങ്കയെന്ന് ശരത് ലാലിന്റെ പിതാവ്

കാസർഗോഡ്: പെരിയ ഇരട്ടക്കൊലക്കേസിൽ സിപിഎം നേതാക്കളുടെ ശിക്ഷാവിധി ഹൈക്കോടതി സ്റ്റേ ചെയ്ത നടപടിയിൽ ആശങ്കയുണ്ടെന്ന് കൊല്ലപ്പെട്ട ശരത് ലാലിന്റെ പിതാവ് സത്യനാരായണൻ. സർക്കാർ സംവിധാനം പ്രതികളുടെ കൂടെയാണ്. സാക്ഷികളെ അപായപ്പെടുത്തുമോ എന്നും ആശങ്ക ഉണ്ടെന്നും നിയമ വിദഗ്ധരുമായി ആലോചിച്ച ശേഷം തുടർനടപടി സ്വീകരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മുൻ എംഎൽഎ കെ. വി. കുഞ്ഞിരാമൻ, മണികണ്ഠൻ, രാഘവൻ വെളുത്തോളി, ഭാസ്കരൻ വെളുത്തോളി എന്നിവരുടെ ശിക്ഷയാണ് ഹൈക്കോടതി സ്റ്റേ ചെയ്തത്. അഞ്ചു വർഷത്തെ തടവിന് ശിക്ഷിക്കപ്പെട്ട പ്രതികളാണ് അപ്പീൽ നൽകിയത്. ഇവരുടെ അഞ്ച് വർഷത്തെ കഠിന തടവ് ശിക്ഷയാണ് ഹൈക്കോടതി സ്റ്റേ ചെയ്തത്.

കേസിലെ ഒന്ന് മുതൽ എട്ട് വരെ പ്രതികളായ എ. പീതാംബരൻ, സജി സി. ജോർജ്, കെ. എം. സുരേഷ്, കെ. അനിൽകുമാർ, ഗിജിൻ, ആർ. ശ്രീരാഗ്, എ. അശ്വിൻ, സുബീഷ്, പത്താം പ്രതി ടി. രഞ്ജിത്ത്, 15-ാം പ്രതി എ. സുരേന്ദ്രൻ എന്നിവർക്ക് ഇരട്ട ജീവപര്യന്തവും മുൻ എംഎൽഎ കെ. വി. കുഞ്ഞിരാമൻ അടക്കം നാല് സിപിഎം നേതാക്കൾക്ക് അഞ്ച് വർഷം തടവും 1000 രൂപ പിഴയുമാണ് ശിക്ഷ വിധിച്ചത്.

ഒന്നാം പ്രതി എ. പീതാംബരൻ ഉൾപ്പടെ 10 പ്രതികൾക്കെതിരെ കൊലപാതകം, ഗൂഢാലോചന, നിയമവിരുദ്ധമായി സംഘം ചേരൽ, കലാപം സൃഷ്ടിക്കൽ, തടഞ്ഞുവയ്ക്കൽ എന്നീ കുറ്റങ്ങളാണ് തെളിഞ്ഞത്.

പെരിയയിലെ യൂത്ത് കോൺഗ്രസ് പ്രവർത്തകരായ ശരത്‌ലാലിനെയും കൃപേഷിനെയും 2019 ഫെബ്രുവരി 17 നു കൊലപ്പെടുത്തിയ കേസിലാണ് കോടതി ഇവരെ ശിക്ഷിച്ചത്.

## മൂന്നുദിവസത്തിനു ശേഷം അനക്കംവെച്ച് സ്വർണവില; നേരിയ മുന്നേറ്റം

കൊച്ചി: സംസ്ഥാനത്ത് തുടർച്ചയായ മൂന്നുദിവസത്തെ വിശ്രമത്തിനു ശേഷം മെല്ലെ ഉയർന്ന് സ്വർണവില. പവന് 80 രൂപയും ഗ്രാമിന് 10 രൂപയുമാണ് വർധിച്ചത്. ഇതോടെ, ഒരു പവൻ സ്വർണത്തിന് 57,800 രൂപയിലും ഗ്രാമിന് 7,225 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് അഞ്ചുരൂപ വർധിച്ച് 5,965 രൂപയായി.തുടർച്ചയായ മൂന്ന് ദിവസവും സ്വർണവിലയിൽ വർധന ഉണ്ടായതിന് ശേഷം പുതുവർഷത്തിൽ ആദ്യമായി ശനിയാഴ്ചയാണ് വിലയിൽ ഇടിവുണ്ടായത്. കഴിഞ്ഞ ദിവസം ഒറ്റയടിക്ക് 640 രൂപ വർധിച്ച് സ്വർണവില വീണ്ടും 58,000 കടന്നിരുന്നു. തുടർന്ന് ശനിയാഴ്ച 360 രൂപ കുറഞ്ഞ് സ്വർണവില വീണ്ടും 58,000ൽ താഴെ എത്തുകയായിരുന്നു. ഡിസംബർ തുടക്കത്തിൽ 57,200 രൂപയായിരുന്നു ഒരു പവൻ സ്വർണത്തിന്റെ വില. പിന്നീട് വില കൂടിയും കുറഞ്ഞും നിന്നു. 11ന് 58,280 രൂപയായി ഉയർന്ന് സ്വർണവില ആ മാസത്തെ ഏറ്റവും ഉയർന്ന നിലവാരത്തിൽ എത്തി. പിന്നീട് വില കുറയുന്നതാണ് ദൃശ്യമായത്. 20 ന് 56,320 രൂപയായി താഴ്ന്നതാണ് ഡിസംബർ മാസത്തെ ഏറ്റവും താഴ്ന്ന നിലവാരം.

രാജ്യാന്തര വിപണിയിലെ വിലവ്യത്യാസങ്ങളാണ് ആഭ്യന്തരവിപണിയിലും പ്രതിഫലിക്കുന്നത്. രാജ്യാന്തരവില ചൊവ്വാഴ്ച ഔൺസിന് 2,630 ഡോളർ നിലവാരത്തിൽ നിന്ന് 2,651 ഡോളറിലേക്ക് ഉയർന്നെങ്കിലും 2,647 ഡോളറിലാണ് നിലവിൽ വ്യാപാരം പുരോഗമിക്കുന്നത്.

അതേസമയം, വെള്ളിയുടെ വില മാറ്റമില്ലാതെ തുടരുകയാണ്. ഗ്രാമിന് 97 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

## പെരിയ ഇരട്ടക്കൊലക്കേസ്: നാല് പ്രതികളുടെ ശിക്ഷ സ്റ്റേ ചെയ്ത് ഹൈക്കോടതി

കൊച്ചി: പെരിയ ഇരട്ടക്കൊലക്കേസിൽ നാല് പ്രതികളുടെ ശിക്ഷ സ്റ്റേ ചെയ്ത് ഹൈക്കോടതി. മുൻ എംഎൽഎ കെ. വി. കുഞ്ഞിരാമൻ, മണികണ്ഠൻ, രാഘവൻ വെളുത്തോളി, ഭാസ്കരൻ വെളുത്തോളി എന്നിവരുടെ ശിക്ഷയാണ് സ്റ്റേ ചെയ്തത്.

അഞ്ച് വർഷത്തെ തടവിന് ശിക്ഷിക്കപ്പെട്ട പ്രതികളാണ് അപ്പീൽ നൽകിയത്. ഇവരുടെ അഞ്ച് വർഷത്തെ കഠിന തടവ് ശിക്ഷയാണ് ഹൈക്കോടതി സ്റ്റേ ചെയ്തത്.

കേസിലെ ഒന്ന് മുതൽ എട്ട് വരെ പ്രതികളായ എ. പീതാംബരൻ, സജി സി. ജോർജ്, കെ. എം. സുരേഷ്, കെ. അനിൽകുമാർ, ഗിജിൻ, ആർ. ശ്രീരാഗ്, എ. അശ്വിൻ, സുബീഷ്, പത്താം പ്രതി ടി. രഞ്ജിത്ത്, 15-ാം പ്രതി എ. സുരേന്ദ്രൻ എന്നിവർക്കാണ് ഇരട്ട ജീവപര്യന്തവും മുൻ എംഎൽഎ കെ. വി. കുഞ്ഞിരാമൻ അടക്കം നാല് സിപിഎം നേതാക്കൾക്ക് അഞ്ച് വർഷം തടവും 1000 രൂപ പിഴയുമാണ് ശിക്ഷ വിധിച്ചത്.

ഒന്നാം പ്രതി എ. പീതാംബരൻ ഉൾപ്പടെ 10 പ്രതികൾക്കെതിരെ കൊലപാതകം, ഗൂഢാലോചന, നിയമവിരുദ്ധമായി സംഘം ചേരൽ, കലാപം സൃഷ്ടിക്കൽ, തടഞ്ഞുവയ്ക്കൽ എന്നീ കുറ്റങ്ങളാണ് തെളിഞ്ഞത്.

പെരിയയിലെ യൂത്ത് കോൺഗ്രസ് പ്രവർത്തകരായ ശരത്‌ലാലിനെയും കൃപേഷിനെയും 2019 ഫെബ്രുവരി 17 നു കൊലപ്പെടുത്തിയ കേസിലാണ് കോടതി ഇവരെ ശിക്ഷിച്ചത്.

## ശബരിമല തീർഥാടകർ സഞ്ചരിച്ച് കാർ തെങ്ങിലിടിച്ച് അപകടം; അഞ്ചുപേർക്ക് പരിക്ക്

കോഴിക്കോട്: ശബരിമല തീർഥാടകർ സഞ്ചരിച്ച കാർ നിയന്ത്രണം വിട്ട് തെങ്ങിൽ ഇടിച്ചുണ്ടായ അപകടത്തിൽ അഞ്ചു പേർക്ക് പരിക്കേറ്റു. കോഴിക്കോട് തിരുവമ്പാടി-കോടഞ്ചേരി പാതയിൽ തമ്പലമണ്ണയിലെ പെട്രോൾ പമ്പിന് സമീപം പുലർച്ചെ 2.30 ഓടെയാണ് അപകടമുണ്ടായത്. കർണാടകയിൽ നിന്നുള്ള തീർഥാടകരാണ് കാറിലുണ്ടായിരുന്നത്. നിയന്ത്രണം വിട്ട് തെന്നിമാറി സമീപത്തെ പറമ്പിലേക്ക് പാഞ്ഞുകയറിയ കാർ ഒരു തെങ്ങിൽ ഇടിച്ച് നിൽക്കുകയുമായിരുന്നു.

പരിക്കേറ്റവരെ ഉടൻ തന്നെ മുക്കത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഡ്രൈവർ ഉറങ്ങിപ്പോയതാണ് അപകടത്തിന് കാരണമെന്നാണ് ലഭിക്കുന്ന വിവരം.

## കാലടിയിൽ കെഎസ്ആർടിസി കണ്ടക്ടർക്ക് മർദനം; എസ്ഐ അറസ്റ്റിൽ

കൊച്ചി: എറണാകുളം കാലടിയിൽ കെഎസ്ആർടിസി കണ്ടക്ടറെ മർദിച്ച എസ്ഐ അറസ്റ്റിൽ. തൃശൂർ പോലീസ് അക്കാദമിയിലെ എസ്ഐ ഷാൻ ഷൗക്കത്തലി ആണ് അറസ്റ്റിലായത്. ചൊവ്വാഴ്ച രാത്രിയാണ് സംഭവം. തൃശൂരിലേക്ക് പോകാൻ മറ്റൂരിൽനിന്ന് ഇയാൾ ബസിലേക്ക് ഓടിക്കയറുകയായിരുന്നു. ഇത് കണ്ടക്ടർ ചോദ്യം ചെയ്തതോടെ എസ്ഐ മർദിക്കുകയായിരുന്നു. കാലടി പൊലീസാണ് ഇയാളെ അറസ്റ്റ് ചെയ്തത്. ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തിയെന്ന് അടക്കമുള്ള വകുപ്പുകൾ പ്രകാരം ഇയാൾക്കെതിരേ കേസെടുത്തിട്ടുണ്ട്.

## മട്ടന്നൂരിൽ കാറും സ്വകാര്യബസും കൂട്ടിയിടിച്ച് അപകടം; രണ്ടുപേർ മരിച്ചു

കണ്ണൂർ: മട്ടന്നൂർ ഉളിയിൽ കാറും സ്വകാര്യബസും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ രണ്ടുപേർ മരിച്ചു. മൂന്നുപേർക്ക് ഗുരുതര പരിക്കേറ്റു. ഉളിക്കൽ സ്വദേശികളായ ബീന, ലിജോ എന്നിവരാണ് മരിച്ചത്. ബീനയുടെ മകൻ ആൽബിൻ, ഭർത്താവ് ബെന്നി എന്നിവർ പരിക്കുകളോടെ ചികിത്സയിലാണ്.

രാവിലെ എട്ടുമണിയോടെ സംസ്ഥാനപാതയിൽ മട്ടന്നൂർ - ഇരിട്ടി റൂട്ടിൽ ഉളിയിൽ പാലത്തിനു സമീപമാണ് അപകടം നടന്നത്. തലശേരി ഭാഗത്തേക്ക് പോകുകയായിരുന്നു സ്വകാര്യ ബസ് സ്റ്റോപ്പിൽ നിർത്തിയിട്ടിരിക്കേ ഇരിട്ടി ഭാഗത്തേക്ക് വരികയായിരുന്ന കർണാടക രജിസ്ട്രേഷനിലുള്ള കാർ നിയന്ത്രണംവിട്ട് ബസിലേക്ക് വന്നിടിക്കുകയായിരുന്നു എന്നാണ് ദൃക്സാക്ഷികൾ പറയുന്നത്.

കാറിൽ ആറുപേരാണ് ഉണ്ടായിരുന്നത് എന്നാണ് വിവരം. കാർ പൂർണമായും തകർന്ന നിലയിലാണ്. അഗ്നിരക്ഷാസേന എത്തി കാർ വെട്ടിപ്പൊളിച്ചാണ് യാത്രക്കാരെ പുറത്തെടുത്തത്.

## മദ്യലഹരിയിൽ സ്കൂൾ കുട്ടികളുമായി വന്ന സ്വകാര്യ വാഹന ഡ്രൈവർ അറസ്റ്റിൽ

കൊല്ലം: പരിശോധനയിൽ വിവിധ സ്കൂളുകളിലെ കുട്ടികളുമായി വന്ന സ്വകാര്യ വാഹാനത്തിന്റെ ഡ്രൈവർ മദ്യാപിച്ചതായി കണ്ടെത്തി. വെസ്റ്റ് പോലീസ് പരിധിയിൽ വെള്ളയിട്ടമ്പലം ജംഗ്ഷനിൽ നടത്തിയ പരിശോധനക്കിടെയാണ് ഡ്രൈവർ മദ്യപിച്ചതായി കണ്ടെത്തിയത്. സ്കൂൾ കുട്ടികളുടെ യാത്ര സുരക്ഷിതമാക്കുന്നത്തിന്റെ ഭാഗമായിട്ടായിരുന്നു സ്കൂൾ വാഹനങ്ങളിൽ പോലീസ് പരിശോധന നടത്തിയത്. കൊല്ലം സിറ്റി പോലീസ് മേധാവി ചൈത്ര തെരേസയുടെ നേതൃത്വത്തിൽ ആയിരുന്നു പരിശോധന. വിദ്യാർഥികളെ വെസ്റ്റ് പോലീസ് ഡ്രൈവർ സിപിഒ ഷമീർ അതേ വാഹനത്തിൽ തന്നെ സ്കൂളിലെത്തിച്ചു.

## പാലക്കാട്ട് സ്കൂൾ ബസും സ്വകാര്യ ബസും കൂട്ടിയിടിച്ച് വിദ്യാർഥികൾക്ക് പരിക്ക്

പാലക്കാട്: സ്കൂൾ ബസും സ്വകാര്യ ബസും കൂട്ടിയിടിച്ച് വിദ്യാർഥികൾക്ക് പരിക്കേറ്റു. പാലക്കാട് ശ്രീകൃഷ്ണപുരത്താണ് അപകടമുണ്ടായത്. സംഭവത്തിൽ നാല് വിദ്യാർഥികൾക്ക് പരിക്കേറ്റു. ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## തലയോട്ടി കണ്ടെത്തിയ സംഭവം: പരിശോധനാഫലം ലഭിച്ചശേഷം തുടർനടപടിയെന്ന് പോലീസ്

കോട്ടയം: വാഴൂരിൽ കവറിനുള്ളിൽ കണ്ടെത്തിയ തലയോട്ടിയുടെയും അസ്ഥികളുടെയും ശാസ്ത്രീയ പരിശോധനാ ഫലം ലഭിച്ചശേഷം തുടർനടപടി സ്വീകരിക്കുമെന്ന് പള്ളിക്കത്തോട് പോലീസ്.

കൊടുങ്ങൂർ ടൗണിലുള്ള ഹോട്ടലിനു സമീപത്തുനിന്നുമാണ് ചൊവ്വാഴ്ച രാവിലെ പ്ലാസ്റ്റിക് കവറിൽ കെട്ടിയ നിലയിൽ തലയോട്ടിയും അസ്ഥികളും കണ്ടെത്തിയത്. പരിസരം ശുചിയാക്കാൻ ചെന്നവരാണു തലയോട്ടി കണ്ടെത്തിയത്.

തുടർന്ന് പള്ളിക്കത്തോട് പോലീസും ഫോറൻസിക് വിഭാഗവും സ്ഥലത്തെത്തി പരിശോധന നടത്തി. തുടർന്ന്, തലയോട്ടിയും അസ്ഥികളും കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലേക്കു മാറ്റി. ഏതാനും ദിവസങ്ങൾക്കുള്ളിൽ പരിശോധനാഫലം ലഭിക്കും.

## ഗുജറാത്തിൽ വാഹനാപകടം; മലയാളി ദന്പതികളും ഡ്രൈവറും മരിച്ചു

ആലപ്പുഴ: ഗുജറാത്തിലെ ദ്വാരകയിൽ കാർ ട്രക്കുമായി കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ മലയാളി ദന്പതികൾ അടക്കം മൂന്ന് പേർ മരിച്ചു. ആലപ്പുഴ തുറവൂർ പഞ്ചായത്ത് നാലാം വാർഡ് ഓലിക്കര ഇല്ലത്ത് വാസുദേവൻ മൂസ്സതും (വേണു) ഭാര്യ യാമിനിയുമാണ് മരിച്ചത്.

വാഹനമോടിച്ചിരുന്ന ഡ്രൈവറും മരണപ്പെട്ടു. ചൊവ്വാഴ്ച ദ്വാരകയ്ക്ക് അടുത്ത് മിട്ടാപ്പൂരിൽ വച്ചാണ് അപകടം. അമേരിക്കയിൽ താമസിക്കുന്ന മകളും ഭർത്താവും നാട്ടിൽ വന്ന് മടങ്ങിയപ്പോൾ ഇവരെ യാത്രയാക്കാൻ ഡൽഹിയിൽ പോയതായിരുന്നു കുടുംബം. ഇവിടെനിന്ന് നാട്ടിലേക്കുള്ള മടക്കയാത്രയ്ക്കിടയിലാണ് അപകടം ഉണ്ടായത്.

ഡൽഹിയിൽ റെയിൽവേ ഉദ്യോഗസ്ഥനായിരുന്ന വാസുദേവൻ. ജോലിയിൽനിന്ന് വിരമിച്ച ശേഷം കഴിഞ്ഞ രണ്ടുവർഷമായി തുറവൂരിലാണ് കുടുംബസമേതം താമസിച്ചിരുന്നത്.

## അനധികൃത ലൈറ്റുകൾ വേണ്ട; വാഹനങ്ങൾക്കെതിരെ കർശന നടപടിക്കൊരുങ്ങി ഹൈക്കോടതി

കൊച്ചി: ബഹുവർണ പിക്സൽ ലൈറ്റ് നെയിം ബോർഡുകളും അനധികൃത ലൈറ്റുകളും മറ്റു ഫിറ്റിംഗുകളും ഘടിപ്പിച്ച ടൂറിസ്റ്റ് ബസ് ഉൾപ്പെടെയുള്ള വാഹനങ്ങൾക്കെതിരെ കർശന നടപടിക്ക് ഹൈക്കോടതി നിർദേശം.

ഓരോ അനധികൃത ലൈറ്റുകൾക്കും 5000 രൂപ വീതം പിഴ ഈടാക്കണമെന്നാണ് കോടതി നിർദേശം. വാഹനത്തിന്റെ ഉടമ, ഡ്രൈവർ എന്നിവർക്കെതിരെയും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കണമെന്നും ജസ്റ്റീസുമാരായ അനിൽ കെ. നരേന്ദ്രൻ, എസ്. മുരളീകൃഷ്ണ എന്നിവരുടെ ബെഞ്ച് നിർദേശിച്ചു.

സുരക്ഷാ മാനദണ്ഡങ്ങളും മറ്റും ലംഘിച്ച് യൂട്യൂബ് ചാനലിൽ പോസ്റ്റ് ചെയ്ത ദൃശ്യങ്ങൾ തുറന്ന കോടതിയിൽ പരിശോധിച്ച ശേഷമാണ് ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്. ദൃശ്യങ്ങളിൽ സുരക്ഷാ മാനദണ്ഡങ്ങളും മറ്റും ലംഘിക്കുന്നത് വ്യക്തമാണെന്നും കോടതി നിരീക്ഷിച്ചു.

## നടി ഹണി റോസിന്റെ പരാതി; ബോബി ചെമ്മണ്ണൂർ കസ്റ്റഡിയിൽ

വയനാട്: നടി ഹണി റോസിന്റെ പരാതിയിൽ ബോബി ചെമ്മണ്ണൂർ കസ്റ്റഡിയിൽ. വയനാട്ടിലെ റിസോർട്ടിൽ വച്ചാണ് ബോബി ചെമ്മണ്ണൂരിനെ കസ്റ്റഡിയിലെടുത്തത്. എറണാകുളം സെൻട്രൽ സ്റ്റേഷനിലെത്തിച്ച് ചോദ്യം ചെയ്യും.

ചൊവ്വാഴ്ച എറണാകുളം സെൻട്രൽ സ്റ്റേഷനിൽ നേരിട്ടെത്തിയാണ് ഹണി റോസ് പരാതി നൽകിയത്. ലൈംഗികച്ചുവയോടെയുള്ള അശ്ലീല ഭാഷണത്തിനെതിരെ ഭാരതീയ ന്യായസംഹിതയിലെ 75(4) വകുപ്പു പ്രകാരവും ഇലക്ട്രോണിക് മാധ്യമത്തിലൂടെ അശ്ലീല പരാമർശം നടത്തുന്നതിനെതിരെ ഐടി ആക്ടിലെ 67 വകുപ്പ് പ്രകാരവുമാണു കേസ് റജിസ്റ്റർ ചെയ്തത്.

കഴിഞ്ഞ ഓഗസ്റ്റ് ഏഴിന് ബോബി ചെമ്മണൂരിന്റെ കണ്ണൂർ ആലക്കോട് ജ്വല്ലറി ഉദ്ഘാടനത്തിന് ക്ഷണിച്ചപ്പോൾ നേരിട്ട ലൈംഗികാതിക്രമങ്ങളും അതിനു ശേഷവും പല വേദികളിലും താൻ നേരിട്ട ബുദ്ധിമുട്ടുകളും നടി പരാതിയിൽ പറഞ്ഞിട്ടുണ്ട്.

## പി. വി. അൻവർ തലസ്ഥാനത്ത്; യുഡിഎഫ് നേതാക്കളെ കണ്ടേക്കും

തിരുവനന്തപുരം: കഴിഞ്ഞ ദിവസം പാണക്കാട്ടെത്തി മുസ്ലിം ലീഗ് നേതാക്കളുമായി കൂടിക്കാഴ്ച നടത്തിയതിനു പിന്നാലെ പി. വി. അൻവർ ഇന്ന് തലസ്ഥാനത്ത്. കെപിസിസി പ്രസിഡൻറ് കെ. സുധാകരൻ, പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ, രമേശ് ചെന്നിത്തല, കെ. മുരളീധരൻ എന്നിവരുമായി അൻവർ കൂടിക്കാഴ്ച നടത്തിയേക്കുമെന്നാണ് സൂചന.

അതേസമയം യുഡിഎഫ് പ്രവേശനവുമായി ബന്ധപ്പെട്ട് അൻവർ തങ്ങളെ വിളിക്കുകയോ ബന്ധപ്പെടുകയോ ചെയ്തിട്ടില്ലെന്ന് യുഡിഎഫ് കൺവീനർ എം. എം. ഹസൻ പറഞ്ഞു. പാണക്കാട്ട് മുസ്ലിം ലീഗ് നേതാക്കളുമായി നടത്തിയ കൂടിക്കാഴ്ചയിൽ രാഷ്ട്രീയ ചർച്ചകൾ നടന്നിട്ടില്ലെന്നും വനനിയമഭേദഗതിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് സംസാരിച്ചതെന്നാണ് അൻവർ കഴിഞ്ഞ ദിവസം പ്രതികരിച്ചത്.

ഞായറാഴ്ച ചേരുന്ന കെപിസിസി രാഷ്ട്രീയ കാര്യ സമിതിയിൽ പി. വി. അൻവറിന്റെ രാഷ്ട്രീയപ്രവേശനം ചർച്ചയാകുമെന്നാണ് വിവരം.

## അൻവറിനെ യുഡിഎഫിൽ എടുക്കേണ്ടതില്ലെന്ന് ആര്യാടൻ ഷൗക്കത്ത്

മലപ്പുറം: പി. വി. അൻവറിന്റെ യുഡിഎഫ് പ്രവേശനത്തിൽ എതിർപ്പ് പരസ്യമാക്കി കോൺഗ്രസ് നേതാവ് ആര്യാടൻ ഷൗക്കത്ത്. ഡിഎഫ്ഒ ഓഫീസിൽ കയറി ബഹളമുണ്ടാക്കിയതിന്റെ പേരിൽ അൻവറിനെ യുഡിഎഫിൽ എടുക്കേണ്ട ആവശ്യമില്ലെന്ന് ഷൗക്കത്ത് പറഞ്ഞു.

യുഡിഎഫിലെ മറ്റേതെങ്കിലും പാർട്ടിയിലേക്ക് പോകുന്നതിന് കോൺഗ്രസിന്റെ അനുവാദം വേണ്ടെന്നും അദ്ദേഹം പറഞ്ഞു. അൻവറിനെ അറസ്റ്റ് ചെയ്തു എന്നത് കൊണ്ട് മുന്നണി പ്രവേശന കാര്യത്തിൽ ഒരു തീരുമാനം എടുക്കില്ല. വളരെ ആഴത്തിൽ ആലോചിച്ച ശേഷമായിരിക്കും തീരുമാനമെന്നും ആര്യാടൻ ഷൗക്കത്ത് കൂട്ടിച്ചേർത്തു.

## വ്യാജ അശ്ലീലദൃശ്യങ്ങൾ പ്രചരിപ്പിച്ചു: മാലാ പാർവതിയുടെ പരാതിയിൽ യൂട്യൂബ് ചാനലിനെതിരെ കേസ്

കൊച്ചി: യൂട്യൂബ് ചാനൽ വ്യാജ അശ്ലീല ചിത്രം പ്രചരിപ്പിച്ചെന്ന് ആരോപിച്ച് നടി മാല പാർവതി നൽകിയ പരാതിയിൽ കേസ്. യൂട്യൂബ് ചാനലിനെതിരെയാണ് തിരുവനന്തപുരം സിറ്റി സൈബർ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചത്. പരാതിയുടെ അടിസ്ഥാനത്തിൽ ദൃശ്യങ്ങൾ നീക്കം ചെയ്യുന്നതിനായി യൂട്യൂബിനെ സമീപിക്കും. ദൃശ്യങ്ങൾ അപ്‌ലോഡ് ചെയ്തവരെ കേന്ദ്രീകരിച്ചാണ് അന്വേഷണം നീങ്ങുന്നത്. എന്നാൽ ഇതുവരെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. വീഡിയോയ്ക്ക് താഴെ അശ്ലീല കമൻറിട്ടവർക്കെതിരെയും പരാതി നൽകിയിട്ടുണ്ട്. അതിലും സൈബർ പോലീസ് കേസെടുത്തിട്ടുണ്ട്. രണ്ടാഴ്ച മുൻപാണ് മാലാ പാർവതി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് പരാതി നൽകിയത്. സിനിമയിൽ നിന്നുള്ള ദൃശ്യങ്ങൾ എഡിറ്റ് ചെയ്ത് അശ്ലീല ദൃശ്യങ്ങൾ ചില യൂട്യൂബർമാർ പ്രചരിപ്പിക്കുന്നു എന്നാണ് പരാതിയിൽ പറയുന്നത്. ഇത്തരത്തിൽ പ്രചരിപ്പിച്ച ദൃശ്യങ്ങളുടെ ലിങ്കുകൾ പരാതിക്കാരി തന്നെ പോലീസിന് കൈമാറിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സൈബർ പോലീസ് കേസെടുക്കുകയും നടിയുടെ മൊഴി മജിസ്ട്രേറ്റിന് മുന്നിൽ രേഖപ്പെടുത്തുകയും ചെയ്തു.

## സ്വകാര്യ ബസ് മരത്തിലിടിച്ച് അപകടം; 30 പേർക്ക് പരിക്ക്

കൊച്ചി: പറവൂർ വള്ളുവള്ളിയിൽ സ്വകാര്യ ബസ് നിയന്ത്രണം വിട്ട് മരത്തിലിടിച്ചുണ്ടായ അപകടത്തിൽ 30 പേർക്ക് പരിക്ക്. ഇവരെ വിവിധ ആശുപത്രികളിലേക്ക് മാറ്റി. ആരുടെയും പരിക്ക് ഗുരുതരമല്ലെന്നാണ് വിവരം.

ഗുരുവായൂരിൽനിന്ന് വൈറ്റിലയിലേക്ക് വരികയായിരുന്ന ബസാണ് അപകടത്തിൽപ്പെട്ടത്.

സ്റ്റിയറിംഗ് പെട്ടെന്ന് സ്റ്റക്കായെന്നാണ് വിവരം. ബസ് വെട്ടിപ്പൊളിച്ചാണ് ഡ്രൈവറെ പുറത്തെടുത്തത്. ബസിന് തകരാർ സംഭവിച്ചെന്ന് സംശയം തോന്നിയപ്പോൾ അത് പരിശോധിക്കണമെന്ന് ഡ്രൈവർ കണ്ടക്ടറെ അറിയിച്ചിരുന്നു. എന്നാൽ കണ്ടക്ടർ ബസ് നിർത്താൻ സമ്മതിച്ചില്ലെന്നും യാത്രക്കാർ ആരോപിച്ചു. അതേസമയം ബസിന്റെ ടയറുകൾ തേഞ്ഞ് തീർന്ന് കമ്പി പുറത്തുകാണുന്ന നിലയിലായിരുന്നു.